കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

അനങ്ങനടി ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: No.KSA PKD-P13/1258/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 07/07/2022
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അനങ്ങനടി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : അനങ്ങനടി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അനങ്ങനടി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: No.KSA PKD-P13/1258/2022 തീയ്യതി: 07/07/2022

പാലക്കാട് ജില്ലയിലെ അനങ്ങനടി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ അനങ്ങനടി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 13-05-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ഇ.ശശിഭൂഷൻ	ഡെപ്യൂട്ടി ഡയറക്ടർ	25-04-2022	13-05-2022

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
25-04-2022	13-05-2022

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

കെ.ആർ. പ്രകാശ് ബാബു,ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേഡ്)
എം.ശിവപ്രസാദ്,അസി.ഓഡിറ്റ് ഓഫീസർ
എൻ.വി.കൃഷ്ണദാസ്,ഓഡിറ്റർ
ഐ.കന്തസ്വാമി,ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി **(മുതൽ)**	തീയതി **(വരെ)**
എൻ.ആർ.രഞ്ജിത്ത്	പ്രസിഡന്റ്	01-04-2019	31-03-2020
മേബിൾ ഷീല	സെക്രട്ടറി	01-04-2019	31-03-2020

<u>നിർവ്വഹണഉദ്യോഗസ്ഥർ</u>

പേര്	ഉദ്യോഗപ്പേര്	തീയതി **(മുതൽ)**	തീയതി **(വരെ)**
സിജി ജോസ്	അസി.എഞ്ചിനീയർ	01-04-2019	02-06-2019
അജി ഫ്രാൻസിസ്	അസി.എഞ്ചിനീയർ	03-06-2019	01-08-2019
പ്രിയങ്ക ടി.കെ	അസി.എഞ്ചിനീയർ	02-08-2019	23-01-2020
സാറാ ജാസ്മിൻ	അസി.എഞ്ചിനീയർ	24-01-2020	31-03-2020
ശ്രീകുമാർ എസ്	അസി.സെക്രട്ടറി	01-04-2019	01-08-2019
മുരുകേഷ് കെ.ആർ	അസി.സെക്രട്ടറി	02-08-2019	31-03-2020
ശ്രീറാം	കൃഷി ഓഫീസർ	01-04-2019	09-05-2019
സൗമ്യ ബി നായർ	കൃഷി ഓഫീസർ	10-05-2019	31-03-2020
ഡോ.രാജേഷ് പി	വെറ്ററിനറി സർജ്ജൻ	01-04-2019	04-10-2019
ഡോ.നീതാ കെ.നായർ	വെറ്ററിനറി സർജ്ജൻ	05-10-2019	26-10-2019
ഡോ.മിഥുൻ യു.സി	വെറ്ററിനറി സർജ്ജൻ	27-10-2019	06-12-2019
ഡോ.ശ്രീഹരി.എസ്	വെറ്ററിനറി സർജ്ജൻ	07-12-2019	31-03-2020
ഗോപകുമാർ വി.എം	വില്ലേജ് എകസ്റ്റൻഷൻ ഓഫീസർ	01-04-2019	31-03-2020
സുന്ദരി സി	ഐ.സി.ഡി.എസ് സൂപ്പർവൈസർ	01-04-2019	31-03-2020
ടി.കെ.പ്രസന്ന	ഡയറി എകസ്റ്റൻഷൻ ഓഫീസർ	01-04-2019	31-03-2020
ഡോ.ജോർജ്ജ് മരിയൻ കുറ്റിക്കാട്ട്	മെഡിക്കൽ ഓഫീസർ(പി.എച്ച്.സി)	01-04-2019	31-03-2020
ഡോ.ധന്യ എസ്	മെഡിക്കൽ ഓഫീസആയുർവേദം)	01-04-2019	31-03-2020
ഡോ.ഷെറീന കെ.ടി	മെഡിക്കൽ ഓഫീസർ(ഹോമിയോ)	01-04-2019	31-03-2020

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ബജറ്റ് Written By: K.R.Prakashbabu (Audit Officer, On 19-06-2022) Last Updated By: Ramadevi.V.K (Computer Assistant, On 07-07-2022)	1-1
2	വാർഷികധനകാര്യപത്രിക Written By: Kanthaswami.I (Auditor, On 19-06-2022) Last Updated By: Ramadevi.V.K (Computer Assistant, On 07-07-2022)	1-2
3	വാർഷികകണക്കുകളിലെ അപാകതകൾ Written By: Kanthaswami.I (Auditor, On 19-06-2022) Last Updated By: Ramadevi.V.K (Computer Assistant, On 07-07-2022)	1-2-1
4	സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) Written By: K.R.Prakashbabu (Audit Officer, On 19-06-2022) Last Updated By: Ramadevi.V.K (Computer Assistant, On 07-07-2022)	1-3
5	ഫണ്ട് വിനിയോഗം Written By: K.R.Prakashbabu (Audit Officer, On 19-06-2022) Last Updated By: Ramadevi.V.K (Computer Assistant, On 07-07-2022)	1-4
6	പദ്ധതി അവലോകനം Written By: K.R.Prakashbabu (Audit Officer, On 19-06-2022) Last Updated By: Ramadevi.V.K (Computer Assistant, On 07-07-2022)	1-5
7	ക്യാഷ് പരിശോധന Written By: Kanthaswami.I (Auditor, On 19-05-2022) Last Updated By: K.R.Prakashbabu (Audit Officer, On 19-06-2022)	1-6
8	ക്ഷേമ പദ്ധതികൾ Written By: Krishnadas.N.V (Auditor, On 21-06-2022) Last Updated By: Ramadevi.V.K (Computer Assistant, On 07-07-2022)	1-7
9	തൊഴിലുറപ്പ് പദ്ധതി Written By: K.R.Prakashbabu (Audit Officer, On 19-06-2022) Last Updated By: Ramadevi.V.K (Computer Assistant, On 07-07-2022)	1-8
10	ആഭ്യന്തരനിയന്ത്രണം Written By: K.R.Prakashbabu (Audit Officer, On 19-06-2022) Last Updated By: K.R.Prakashbabu (Audit Officer, On 19-06-2022)	1-9
11	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം Written By: K.R.Prakashbabu (Audit Officer, On 19-06-2022) Last Updated By: Ramadevi.V.K (Computer Assistant, On 07-07-2022)	1-10
12	ഫാക്ടറികൾക്കും വാണിജ്യ സ്ഥാപനങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ - ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. Written By: Kanthaswami.I (Auditor, On 19-05-2022) Last Updated By: Ramadevi.V.K (Computer Assistant, On 07-07-2022)	1-11
13	വൈദ്യുതി കൊണ്ടു പ്രവർത്തിക്കുന്ന മെഷിനറികൾ സ്ഥാപിക്കുന്നതിനും പുതുക്കുന്നതിനുമുള്ള ഫീസ് ഈടാക്കിയില്ല Written By: Kanthaswami.I (Auditor, On 19-05-2022) Last Updated By: Ramadevi.V.K (Computer Assistant, On 07-07-2022)	1-11-1
14	ഭക്ഷ്യോല്പന്നങ്ങൾ നിർമ്മിക്കുന്ന സ്ഥാപനങ്ങളുടെ ക്ലിയറൻസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല. Written By: Kanthaswami.I (Auditor, On 19-05-2022) Last Updated By: Ramadevi.V.K (Computer Assistant, On 07-07-2022)	1-11-2
15	ലൈവ് സ്റ്റോക്ക് ഫാം അനുമതി - ചട്ട പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.	1-12

	Written By: Kanthaswami.I (Auditor, On 19-05-2022) Last Updated By: Ramadevi.V.K (Computer Assistant, On 07-07-2022)	
16	റെഗുലറൈസേഷൻ- രജിസ്റ്ററിൽ കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്. Written By: Kanthaswami.I (Auditor, On 19-05-2022) Last Updated By: Kanthaswami.I (Auditor, On 19-05-2022)	1-13
17	കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷകളിൽ സമയക്രമം പാലിക്കേണ്ടതാണ്. Written By: Kanthaswami.I (Auditor, On 19-05-2022) Last Updated By: Ramadevi.V.K (Computer Assistant, On 07-07-2022)	1-14
18	പണി പൂർത്തിയായ കെട്ടിടങ്ങൾക്ക് വസ്തുനികുതി നിർണ്ണയിച്ചിട്ടില്ല. Written By: Kanthaswami.I (Auditor, On 19-05-2022) Last Updated By: Ramadevi.V.K (Computer Assistant, On 07-07-2022)	1-15
19	കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ് . Written By: Kanthaswami.I (Auditor, On 19-05-2022) Last Updated By: Ramadevi.V.K (Computer Assistant, On 07-07-2022)	1-16
20	ISO സർട്ടിഫിക്കേഷന് ആവശ്യമായ ഫർണ്ണിച്ചറുകൾ വാങ്ങൽ - സിഡ്കോയിൽ നിന്നും നേരിട്ട് വാങ്ങിയത് ക്രമവിരുദ്ധം Written By: M.sivaprasad (Asst. Audit Officer, On 21-05-2022) Last Updated By: Ramadevi.V.K (Computer Assistant, On 07-07-2022)	1-17
21	തൊഴിൽ രഹിത വേതനം - സാക്ഷ്യപത്രം പ്രകാരമുള്ള വരുമാനം ഉറപ്പാക്കിയിട്ടില്ല Written By: M.sivaprasad (Asst. Audit Officer, On 21-05-2022) Last Updated By: Ramadevi.V.K (Computer Assistant, On 07-07-2022)	1-18
22	എസ്.എസ്.എ വിഹിതം നൽകൽ - വിനിയോഗ വിവരം ലഭ്യമാക്കിയില്ല Written By: M.sivaprasad (Asst. Audit Officer, On 21-05-2022) Last Updated By: Ramadevi.V.K (Computer Assistant, On 07-07-2022)	1-19
23	എ.ബി.സി പ്രോഗ്രാം -പദ്ധതി ലക്ഷ്യം പൂർത്തീകരിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല Written By: M.sivaprasad (Asst. Audit Officer, On 21-05-2022) Last Updated By: Ramadevi.V.K (Computer Assistant, On 07-07-2022)	1-20
24	പരിശീലനത്തിന് മാത്രമായി പ്രോജക്ട് ആവിഷ്കരിച്ച് നടപ്പാക്കി- മാർഗ്ഗരേഖാ ലംഘനം Written By: Krishnadas.N.V (Auditor, On 16-05-2022) Last Updated By: Ramadevi.V.K (Computer Assistant, On 07-07-2022)	1-21
25	വിവാഹധനസഹായം- നിയമാനുസൃത കാലയളവ് കഴിഞ്ഞ് അപേക്ഷിച്ചവർക്കും ആനുകൂല്യം നൽകി Written By: Krishnadas.N.V (Auditor, On 16-05-2022) Last Updated By: Ramadevi.V.K (Computer Assistant, On 07-07-2022)	1-22
26	പട്ടികജാതി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക്-കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ടെണ്ടർ ഒഴിവാക്കി. Written By: Krishnadas.N.V (Auditor, On 16-05-2022) Last Updated By: Ramadevi.V.K (Computer Assistant, On 07-07-2022)	1-23
27	വിദ്യാർത്ഥികൾക്ക് മേശയും കസേരയും പദ്ധതി നിർവ്വഹണം-പ്രൊക്യൂർമെന്റ് മാർഗരേഖ ലംഘനം Written By: Krishnadas.N.V (Auditor, On 16-05-2022) Last Updated By: Ramadevi.V.K (Computer Assistant, On 07-07-2022)	1-24

28	ബാലസഭ- കുടുംബശ്രീ സി.ഡി.എസ് ചെയർപേഴ്സന്റെ അക്കൗണ്ടിലേക്ക് തുക കൈമാറി- നാളിതുവരെ ചെലവഴിച്ചില്ല. Written By: Krishnadas.N.V (Auditor, On 16-05-2022) Last Updated By: Ramadevi.V.K (Computer Assistant, On 07-07-2022)	1-25
ഭാഗം **2**		
--- No Records Found ---		
ഭാഗം **3**		
--- No Records Found ---		
ഭാഗം **4**		
1	വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം Written By: K.R.Prakashbabu (Audit Officer, On 19-06-2022) Last Updated By: K.R.Prakashbabu (Audit Officer, On 19-06-2022)	4-1
2	സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം Written By: K.R.Prakashbabu (Audit Officer, On 19-06-2022) Last Updated By: Ramadevi.V.K (Computer Assistant, On 07-07-2022)	4-2
3	നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ Written By: K.R.Prakashbabu (Audit Officer, On 19-06-2022) Last Updated By: K.R.Prakashbabu (Audit Officer, On 19-06-2022)	4-3
4	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ Written By: K.R.Prakashbabu (Audit Officer, On 19-06-2022) Last Updated By: K.R.Prakashbabu (Audit Officer, On 19-06-2022)	4-4
5	വായ്പ / വായ്പാതിരിച്ചടവ് Written By: K.R.Prakashbabu (Audit Officer, On 19-06-2022) Last Updated By: Ramadevi.V.K (Computer Assistant, On 07-07-2022)	4-5
6	സ്ഥിര നിക്ഷേപം Written By: K.R.Prakashbabu (Audit Officer, On 19-06-2022) Last Updated By: K.R.Prakashbabu (Audit Officer, On 19-06-2022)	4-6
7	ഓഡിറ്റ് റിക്കവറി Written By: K.R.Prakashbabu (Audit Officer, On 19-06-2022) Last Updated By: Ramadevi.V.K (Computer Assistant, On 07-07-2022)	4-7
8	സമാഹൃത ഓഡിറ്റ് റിപ്പോർട്ട് Written By: K.R.Prakashbabu (Audit Officer, On 19-06-2022) Last Updated By: Ramadevi.V.K (Computer Assistant, On 07-07-2022)	4-8
9	ചാർജ് /സർചാർജ് നടപടികളുടെ വിവരം Written By: K.R.Prakashbabu (Audit Officer, On 19-06-2022) Last Updated By: Ramadevi.V.K (Computer Assistant, On 07-07-2022)	4-9
10	ഓഡിറ്റ് പ്രത്യവലോകനം Written By: K.R.Prakashbabu (Audit Officer, On 19-06-2022) Last Updated By: Ramadevi.V.K (Computer Assistant, On 07-07-2022)	4-10
11	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ Written By: K.R.Prakashbabu (Audit Officer, On 19-06-2022) Last Updated By: Ramadevi.V.K (Computer Assistant, On 07-07-2022)	4-11
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	
3	വാർഷിക കണക്ക് -വിവിധ പത്രികകൾ	

ഭാഗം -1

പൊതു അവലോകനം

1-1 ബജറ്റ്

2019-20വർഷത്തെ ബജറ്റ് 31/01/2019 തിയതിയിലെ തീരുമാനം 1 പ്രകാരം അംഗീകരിച്ചു. വാർഷിക ബജറ്റ് പുതുക്കി അംഗീകാരം നേടിയിട്ടുണ്ട് (തീരുമാനം നം.6/28-02-2020). ബജറ്റ് വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
11085345	122149082	133234427	120922480	122311947

1-2 വാർഷികധനകാര്യപത്രിക

ലഭിക്കേണ്ട തീയതി	ലഭിച്ച തീയതി	അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി	അപാകത പരിഹരിച്ച് ലഭിച്ച തീയതി
31-07-2020	23-05-2020	-----	-----

1-2-1 വാർഷികകണക്കുകളിലെ അപാകതകൾ

1) ആസ്തി രജിസ്റ്റർ രേഖപ്പെടുത്തൽ വരുത്തി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ B-11- പത്രികകൾ പ്രകാരമുള്ള ആസ്തികളുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടിട്ടില്ല.

2) വാർഷിക കണക്ക് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്,കളക്ഷൻ,ബാലൻസ് എന്നിവ സഞ്ജയ സോഫ്റ്റ് വെയറിൽ നിന്നുള്ള സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.

1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

മുന്നിരിപ്പ്	17883296
ഓഡിറ്റ് വർഷത്തെ ആകെ വരവ്	51063064
ആകെ	68946360
ചെലവ്	50656403
നീക്കിയിരിപ്പ്	18289957

1-4 ഫണ്ട് വിനിയോഗം

ഫണ്ടിനം	മുന്നിരിപ്പ്	വരവ്/ അലോട്ട്മെന്റ്	ആകെ	ചെലവ്	നീക്കിയിരിപ്പ് /ലാപ്സായ തുക
വികസന ഫണ്ട്-ജനറൽ (ACR പ്രകാരം)	0	9737306	9737306	9174824	562482
വികസന ഫണ്ട്- എസ്.സി.പി (ACR പ്രകാരം)	0	8703176	8703176	4585318	4117858
മെയിന്റനൻസ് ഗ്രാന്റ് റോഡ് (ACR പ്രകാരം)	0	2170000	2170000	908602	1261398
മെയിന്റനൻസ് ഗ്രാന്റ്	0	3251000	3251000	1711078	1539922

നോൺ-റോഡ് (ACR പ്രകാരം)					
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം)	0	8441081	8441081	5628936	2812145
കേന്ദ്രാവിഷ്കൃത ഫണ്ട്					
MGNREGS	0	8091	22699583	22540106	159477
TSC	583897	0	583897	0	583897
Suchithwa Mission	1401269	8044	1409313	358088	1051225
ICDS	1096714	508538	1605252	1009786	595466

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
194	105960252	115	34190002	0	79	59.27

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നടത്തിപ്പ് വിശദാംശങ്ങൾ

നിർവ്വഹണ ഉദ്യോഗസ്ഥർ	പദ്ധതികളുടെ എണ്ണം	നടപ്പാക്കിയത്	ആകെ അടങ്കൽ തുക	ചെലവഴിച്ച തുക	ചെലവ് ശതമാനം
കൃഷി ഓഫീസർ	6	5	3642650	2593647	71.20
വി.ഇ.ഒ	11	9	54075825	8484263	15.68
ICDS സൂപ്പർവൈസർ	7	4	4221637	2903103	68.76
സെക്രട്ടറി	30	21	6674945	4059036	60.81
അസിസ്റ്റന്റ് എഞ്ചിനിയർ	119	56	29005497	10719806	36.95
മെഡിക്കൽ ഓഫീസർ-PHC	4	4	930998	903839	97.08
മെഡിക്കൽ ഓഫീസർ-ISM	2	2	615000	614974	99.99
മെഡിക്കൽ ഓഫീസർ (ഹോമിയോ)	2	2	320000	320000	100
അസി.സെക്രട്ടറി	5	5	3242200	2093634	64.57
വെറ്ററിനറി സർജ്ജൻ	6	5	2131500	797700	37.42
ഡയറി ഫാം ഇൻസ്ട്രക്ടർ	2	2	1100000	700000	63.64
ആകെ	194	115	105960252	34190002	32.26

1-6 ക്യാഷ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26.04.2022 തിയ്യതിയിൽ ഉച്ചയ്ക്ക് ശേഷം 2.30 ന് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. 3720 /- രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ

കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
തൊഴിൽരഹിത വേതനം	14520	16
കർഷകതൊഴിലാളി പെൻഷൻ	1098600	131
വിധവാപെൻഷൻ	82720000	881
വാർദ്ധക്യകാല പെൻഷൻ		
വികലാംഗപെൻഷൻ	2143300	262
50 വയസ്സിന് മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ	961200	110

1-8 തൊഴിലുറപ്പ് പദ്ധതി

തൊഴിലാളികളുടെ കൂലി	0	19455773	19455773	19455773	0
അഡ്മിനിസ്ട്രേറ്റീവ് ചെലവ്	8091	3243810	3251901	3092424	159477

1-9 ആഭ്യന്തരനിയന്ത്രണം

ഇത് സംബന്ധിച്ച പരാമർശങ്ങൾ ഇതോടൊപ്പം പുറപ്പെടുവിക്കുന്ന 2020-21 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിന്റെ ഭാഗമായി ചേർത്തിട്ടുണ്ട്

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ക്രമനം	ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയ്യതി	ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ
1	പെർഫോമൻസ് ഓഡിറ്റ്	27-12-2021	2021 ഏപ്രിൽ മുതൽ ആഗസ്റ്റ് വരെ	27-12-2021	ഇല്ല
2	അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	23.01.2016 മുതൽ 06.02.2016 വരെ	2013-14 മുതൽ 2014-15 വരെ	04-03-2016	ഇല്ല

1-11 ഫാക്ടറികൾക്കും വാണിജ്യ സ്ഥാപനങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ - ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

1996 ലെ കേരള പഞ്ചായത്ത് രാജ്(ഫാക്ടറികൾക്കും വാണിജ്യ സ്ഥാപനങ്ങൾക്കും സംരംഭക

പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കുന്നതിൽ കാര്യക്ഷമത പ്രകടിപ്പിച്ചിട്ടുണ്ടോ എന്ന് വിലയിരുത്തിയതിന്മേലുള്ള ഓഡിറ്റ് കണ്ടെത്തലുകളും നിരീക്ഷണങ്ങളും ശുപാർശകളും തുടർ ഖണ്ഡികകളായി ചേർക്കുന്നു.

ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിലെ 15 വാർഡുകളിലും ഫീൽഡ് വെരിഫിക്കേഷൻ നടത്തി വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ആയതിനാൽ എല്ലാ വ്യാപാര സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടോയെന്ന് പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല. ഫീൽഡ് വെരിഫിക്കേഷൻ നടത്തി ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും അനുമതിയില്ലാതെ യാതൊരു സ്ഥാപനവും പ്രവർത്തിക്കുന്നില്ലായെന്ന് ഗ്രാമപഞ്ചായത്ത് ഉറപ്പാക്കേണ്ടതുമാണ്.

1-11-1 വൈദ്യുതി കൊണ്ടു പ്രവർത്തിക്കുന്ന മെഷിനറികൾ സ്ഥാപിക്കുന്നതിനും പുതുക്കുന്നതിനുമുള്ള ഫീസ് ഈടാക്കിയില്ല

1996 കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 18 വൈദ്യുതി കൊണ്ടു പ്രവർത്തിക്കുന്ന യന്ത്രങ്ങൾ സ്ഥാപിക്കുന്നതിനോ, ഉപയോഗിക്കുന്നതിനോ പട്ടിക Iii പ്രകാരമുള്ള ഫീസ് ഒടുക്കേണ്ടതാണ്. എന്നാൽ സ്ഥാപനങ്ങളിൽ വൈദ്യുതി കൊണ്ടു പ്രവർത്തിക്കുന്ന മോട്ടോറുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും പട്ടിക പ്രകാരമുള്ള ഫീസ് പ്രത്യേകമായി ഈടാക്കിയിട്ടില്ലെന്ന് അപേക്ഷകളുടെ പരിശോധനയിൽ കണ്ടെത്തി. ഫീസ് ഈടാക്കിയിട്ടില്ലാത്ത ഏതാനം അപേക്ഷകളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

ക്രമ നം.	രജിസ്റ്ററിലെ ക്രമ നം, അപേക്ഷകൻ.	സ്ഥാപനം	ഉപയോഗിക്കുന്ന കുതിരശക്തി	ചുമത്താവുന്ന അധിക ഫീസ്
1	29, മൊയ്തീൻകുട്ടി	ഗ്രിൽ വർക്സ്	8.5 HP	100
2	30, മോഹനദാസൻ	അഗ്രികൾച്ചറൽ ഇംപ്ലിമെന്റ്	7 HP	100
3	33, സക്കീർ ഹുസൈൻ	ഫുഡ് ഐറ്റംസ്	10 HP	100
4	34, അബൂബക്കർ	സിമന്റ് പ്രോഡക്ട്സ്	10 HP	100
5	35, അബ്ദുൽ ഖാദർ	ഹോളോബ്രിക്സ് യൂണിറ്റ്	10 HP	100
6	36, മുസ്തഫ	റൈസ് മിൽ	10 HP	100
7	68, സുലൈമാൻ	വർക്ക് ഷോപ്പ്	7 HP	100
8	69, മുഹമ്മദാലി	കേക്ക് യൂണിറ്റ്	8 HP	100
9	70,വിജയ്	അഗ്രികൾച്ചറൽ ഇംപ്ലിമെന്റ്	7 HP	100
10	136, മാധവി	റൈസ് മിൽ	10 HP	100
11	147, മുരളീധരൻ	ഗ്രിൽ വർക്സ്	5 HP	100
12	150,മുഹമ്മദ് റഫീഖ്	ടെയ്ലറിംഗ് യൂണിറ്റ്	10 HP	100
13	237, സുലൈഖ	റൈസ് മിൽ	10 HP	100
14	239, അഷ്റഫ്	റൈസ് മിൽ	10 HP	100
15	260, ദേവദാസ്	റൈസ് മിൽ	10 HP	100

ലൈസൻസ് ഫീസിനത്തിൽ ലഭ്യമാകേണ്ട തുക സ്ഥാപന ഉടമയിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

1-11-2 ഭക്ഷ്യോല്പന്നങ്ങൾ നിർമ്മിക്കുന്ന സ്ഥാപനങ്ങളുടെ ക്ലിയറൻസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല.

1996-ലെ കേരള പഞ്ചായത്ത് രാജ് (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക 5 ൽ ക്ലിയറൻസ് ആവശ്യമായ വ്യവസായങ്ങളായി ഭക്ഷ്യോല്പന്നങ്ങൾ നിർമ്മിക്കുന്നവയെയും ഉൾപ്പെടുത്തിയിട്ടുണ്ട്. ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ഭക്ഷ്യോല്പന്നങ്ങൾ നിർമ്മിക്കുന്ന സ്ഥാപനങ്ങൾക്ക് ക്ലിയറൻസ് ലഭ്യമാക്കാതെയാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളത് എന്ന് കാണുന്നു. ഏതാനും സ്ഥാപനങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	ലൈസൻസ് രജിസ്റ്ററിലെ ക്രമനം.	അപേക്ഷകൻ	സ്ഥാപനം
1	7	മോഹനൻ	ബേക്കറി ഐറ്റംസ് നിർമ്മാണം
2	33	സക്കീർ ഹുസൈൻ	ചപ്പാത്തി & പത്തിരി യൂണിറ്റ്
3	48	കോയ	ഹോട്ടൽ
4	69	മുഹമ്മദാലി	ഹോട്ടൽ
5	91	ഗിരിജൻ.എം	ഹോട്ടൽ
6	161	അബ്ദുൽ നിസ്സാർ	അൽക ഫുഡ് പ്രോഡക്ട്സ്
7	196	സെയ്ദലവി	കുബ്ബൂസ് യൂണിറ്റ്

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 06/09.05.2022 ന് മറുപടിയായി ഭക്ഷ്യോല്പന്നങ്ങൾ നിർമ്മിക്കുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കുമ്പോൾ ക്ളിയറൻസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കിയതിന് ശേഷം മാത്രമേ ലൈസൻസ് അനുവദിക്കുകയുള്ളൂ എന്ന് അറിയിച്ചിട്ടുണ്ട്.

1-12 ലൈവ് സ്റ്റോക്ക് ഫാം അനുമതി - ചട്ട പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

ഫാക്ടറികൾക്കും വാണിജ്യ സ്ഥാപനങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ-രജിസ്റ്റർ പരിശോധനയിൽ താഴെപ്പറയുന്ന ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകിയിട്ടുണ്ട്.

ക്രമനം	ലൈസൻസ് രജിസ്റ്ററിലെ ക്രമ നം.	അപേക്ഷകൻ
1	10	അബ്ദുൾ റഹ്മാൻ
2	21	മൈമൂന
3	146	ഷമീർ
4	187	മൊയ്തീൻ കുട്ടി
5	200	അയ്യപ്പൻ
6	205	വി.കെ.ബാലൻ

ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് അനുവദിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

ലൈവ്സ്റ്റോക്ക് ഫാം രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

2012-ലെ കേരള പഞ്ചായത്ത് രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം അനുവദിക്കപ്പെടുന്ന ലൈസൻസുകളുടെ വിവരം ഇതിനായി വച്ചുപോരുന്ന ഒരു രജിസ്റ്ററിൽ സെക്രട്ടറി എഴുതി സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഇത്തരം ലൈവ്സ്റ്റോക്ക് ഫാം രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

ലൈവ് സ്റ്റോക്ക് ഫാം അനുമതി നൽകുന്നതിനുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.

ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ ചട്ടങ്ങൾ പ്രകാരം ഒരു ലൈവ് സ്റ്റോക്ക് ഫാം ആരംഭിക്കുവാനോ അതിനുവേണ്ടിയുള്ള കെട്ടിടമോ ഷെഡ്ഡോ നിർമ്മിക്കുവാനോ ഉദ്ദേശിക്കുന്ന ഏതൊരാളും ഈ ആവശ്യത്തിലേക്ക് ഗ്രാമപഞ്ചായത്തിന്റെ അനുമതിക്കു വേണ്ടി ഫാറം 1-ൽ സെക്രട്ടറിക്ക് അപേക്ഷ നൽകേണ്ടതും അപേക്ഷയിൽ, ഫാമിൽ വളർത്താനുദ്ദേശിക്കുന്ന മൃഗങ്ങളുടെ അഥവാ പക്ഷികളുടെ ഇനങ്ങളും എണ്ണവും, ഈ ആവശ്യത്തിലേയ്ക്ക് ലഭ്യമായ സ്ഥലത്തിന്റെ വിസ്തീർണ്ണം, നിർമ്മിച്ചതോ നിർമ്മിക്കാനുദ്ദേശിക്കുന്നതോ ആയ കെട്ടിടത്തിന്റെ അഥവാ ഷെഡ്ഡിന്റെ വിവരണം (തറ വിസ്തീർണ്ണം ഉൾപ്പെടെ), ഉദ്ദേശിക്കുന്ന മാലിന്യനിർമ്മാർജ്ജന ക്രമീകരണങ്ങൾ, ചുറ്റുവട്ടത്തുള്ള ജനവാസത്തെപ്പറ്റിയുള്ള വിവരണം എന്നീ കാര്യങ്ങൾ ഉണ്ടായിരിക്കേണ്ടതും കെട്ടിടങ്ങളുടെയും ഷെഡ്ഡുകളുടെയും പ്ലാനും സ്ഥലത്തിന്റെ സ്കെച്ചും ഉള്ളടക്കം ചെയ്യേണ്ടതുമാണ്. അപേക്ഷ കിട്ടി മുപ്പതുദിവസം അവസാനിക്കുന്നതിനുമുമ്പ് അപേക്ഷയിൻമേൽ സെക്രട്ടറി അനുമതി നൽകുകയോ നിഷേധിക്കുകയോ ചെയ്യേണ്ടതും അനുമതി നൽകിക്കൊണ്ടോ നിഷേധിച്ചുകൊണ്ടോ ഉള്ള ഉത്തരവ് രേഖാമൂലം അപേക്ഷകനെ അറിയിക്കേണ്ടതും അതിനുശേഷം ആദ്യം ചേരുന്ന ഗ്രാമപഞ്ചായത്ത് ഭരണസമിതി യോഗത്തിന്റെ മുമ്പാകെ വിശദാംശങ്ങൾ സഹിതം അവതരിപ്പിക്കേണ്ടതുമാണ്. ലൈവ് സ്റ്റോക്ക് ഫാം ആരംഭിക്കുന്നതിന് 6-ാം ചട്ടപ്രകാരം ഗ്രാമപഞ്ചായത്തിന്റെ അനുമതി ലഭിച്ചിട്ടുള്ള ഏതൊരാളും, ഇതിലേക്കാവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയശേഷം ഫാം നടത്തുന്നതിനുള്ള ലൈസൻസിനായി ഫാറം 2-ൽ സെക്രട്ടറിക്ക് അപേക്ഷ നൽകേണ്ടതും സെക്രട്ടറി ആവശ്യമായ അന്വേഷണം നടത്തി നിബന്ധനകൾ അപേക്ഷകൻ പൂർണ്ണമായി പാലിച്ചിട്ടുണ്ടെന്ന് തനിക്ക് ബോദ്ധ്യപ്പെടുന്നപക്ഷം, അപേക്ഷിച്ച പ്രകാരം, ഫാറം 3-ൽ ലൈസൻസ് നൽകുകയോ കാരണങ്ങൾ വ്യക്തമാക്കിക്കൊണ്ട് രേഖാമൂലം അപേക്ഷ നിരസിക്കുകയോ ചെയ്യേണ്ടതാണ്. എന്നാൽ ചട്ടപ്രകാരമുള്ള മേൽ നടപടിക്രമങ്ങൾ പാലിക്കാതെ ലൈസൻസ് അനുവദിക്കുകയാണ് ചെയ്തിരിക്കുന്നത്.

ലൈവ് സ്റ്റോക്ക് ഫാമിൽ പരിശോധന നടത്തി പരിശോധനാ റിപ്പോർട്ട് സൂക്ഷിച്ചിട്ടില്ല.

2012-ലെ കേരള പഞ്ചായത്ത് രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 10 പ്രകാരം സെക്രട്ടറിയും മറ്റ് ഉദ്യോഗസ്ഥരും ലൈവ്സ്റ്റോക്ക് ഫാമിൽ വളർത്തപ്പെടുന്ന മൃഗങ്ങളുടെയോ പക്ഷികളുടേയോ എണ്ണം തിട്ടപ്പെടുത്തുന്നതിനോ, ഫാമിന്റെ ഉടമസ്ഥൻ അഥവാ നടത്തിപ്പുകാരൻ ഈ ചട്ടങ്ങളിലോ ഗ്രാമ പഞ്ചായത്തിന്റെ അനുമതിയിലോ നിഷ്കർഷിച്ചിട്ടുള്ള നിബന്ധനകൾ പൂർണ്ണമായി പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനോ വേണ്ടി ആറുമാസത്തിലൊരിക്കൽ ലൈവ് സ്റ്റോക്ക് ഫാമിൽ പരിശോധന നടത്തി പരിശോധനാ റിപ്പോർട്ട് സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഇത്തരം പരിശോധന നടത്തിയതായി കാണുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 07/10.05.2022 ന് മറുപടിയായി ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകുമ്പോൾ ചട്ട പ്രകാരമുള്ള നടപടികൾ പാലിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

1-13 റെഗുലറൈസേഷൻ- രജിസ്റ്ററിൽ കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്.

2019 ലെ കെട്ടിടനിർമ്മാണ ചട്ടങ്ങൾ ചട്ടം 92,93,94,95 പ്രകാരം നിർമ്മാണമോ , പുനർനിർമ്മാണമോ അംഗീകൃത പ്ലാൻ അല്ലെങ്കിൽ വ്യതിചലനത്തോടെയുള്ള അംഗീകൃത പ്ലാൻ ലഭിക്കാതെ ആരംഭിക്കുകയോ നടത്തിക്കൊണ്ടിരിക്കുകയോ അല്ലെങ്കിൽ പൂർത്തിയാക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ അവ ചട്ട പ്രകാരമാണെങ്കിൽ ക്രമവൽക്കരിക്കുന്നതിനുള്ള അധികാരം സെക്രട്ടറിക്കുണ്ടായിരിക്കുന്നതും അപേക്ഷൻ ക്രമവൽക്കരണത്തിനുള്ള അപേക്ഷ അനുബന്ധം A1 -ലെ ഫോറത്തിൽ സമർപ്പിക്കേണ്ടതും ഇത് പരിശോധിച്ച് സെക്രട്ടറി ക്രമവൽക്കരണം ഒരു ലിഖിത ഉത്തരവിലൂടെ അനുവദിക്കുകയോ അല്ലെങ്കിൽ നിരസിക്കുകയോ ചെയ്യേണ്ടതുമാണ്. ക്രമവൽക്കരണം അനുവദിക്കാനാണ് തീരുമാനമെങ്കിൽ ഇതു സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിക്കൊണ്ട് അനുബന്ധം G I-ലേത് പോലുള്ള ഒരു ഉത്തരവ് പുറപ്പെടുവിക്കേണ്ടതും അനുബന്ധം-G2 ഫോറത്തിൽ സ്ഥിരമായി സൂക്ഷിക്കേണ്ട രേഖയായി ഒരു രജിസ്റ്ററിൽ ഇതു സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ

ക്രമവൽക്കരിച്ച കെട്ടിടങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്നതിനുള്ള രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

ചട്ട പ്രകാരമുള്ള റെഗുലറൈസേഷൻ ഫീസ് ഈടാക്കേണ്ടതാണ്.

2019 ലെ കെട്ടിടനിർമ്മാണ ചട്ടങ്ങൾ ചട്ടം 93, 95 പ്രകാരം ക്രമവൽക്കരണത്തിനുള്ള അപേക്ഷയുടെ തീർപ്പാക്കൽ നടപടിക്രമം ഒരു പുതിയ പെർമിറ്റിനുള്ള അപേക്ഷയുടെ കാര്യത്തിലെന്നതുപോലെ തന്നെയായിരിക്കുന്നതും ചട്ടം 95 (4) പ്രകാരംരാജിയാക്കൽ ഫീസ്, പ്രാബല്യത്തിലുള്ള പെർമിറ്റ് ഫീസിന്റെ ഇരട്ടിയായിരിക്കുന്നതാണ്. റെഗുലറൈസേഷൻ അനുവദിച്ച ഫയലുകൾ പരിശോധിച്ചതിൽ തുക ഈടാക്കിയത് ക്രമപ്രകാരമല്ല എന്ന് കാണുന്നു. വിവരങ്ങൾ താഴെ ചേർക്കുന്നു.

അപേക്ഷകൻ	അബ്ദുൾ ജലീൽ
റെഗുലറൈസേഷന് അപേക്ഷിച്ച തിയതി	23.12.2019
വിസ്തീർണ്ണം	675.14 ച.മീറ്റർ
ഈടാക്കിയ രാജിയാക്കൽ ഫീസ്	675.14 X 30 = 20254.2/-
യഥാർത്ഥത്തിൽ ഈടാക്കേണ്ട തുക	675.14 X 20 = 13502.8/-
അധികമായി ഈടാക്കിയത്	6751.4/-

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 15/11.05.2022 ന് മറുപടി ലഭ്യമായിട്ടില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. ക്രമവൽക്കരിച്ച കെട്ടിടങ്ങളുടെ വിവരങ്ങൾ സൂക്ഷിക്കുന്നതിനായി അനുബന്ധം-G2 ഫോറത്തിലുള്ള രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

2. 2019 ലെ കെട്ടിടനിർമ്മാണ ചട്ടങ്ങൾ ചട്ടം 95 (4) പ്രകാരമുള്ള നിരക്കിൽ രാജിയാക്കൽ ഫീസ് ഈടാക്കേണ്ടതാണ്.

1-14 കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷകളിൽ സമയക്രമം പാലിക്കേണ്ടതാണ്.

കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ കെട്ടിടനിർമ്മാണ അനുമതിയ്ക്കായുള്ള അപേക്ഷകളിൻമേൽ സമയ ബന്ധിതമായി നടപടികൾ സ്വീകരിക്കുന്നല്ല എന്ന് കാണുന്നു. G.O.(P) No.78/2019/LSGD.Dated 2nd November, 2019 പ്രകാരം ബിൽഡിംഗ് പെർമിറ്റിനുള്ള അപേക്ഷകളിൻമേൽ പതിനഞ്ച് ദിവസത്തിനകം നടപടികൾ സ്വീകരിക്കേണ്ടതാണ്. എന്നാൽ രജിസ്റ്റർ പരിശോധിച്ചതിൽ അപേക്ഷകളിൽ സമയപരിധിക്കകം നടപടികൾ സ്വീകരിച്ചിട്ടില്ല എന്ന് കാണുന്നു. സമയപരിധിക്കകം നടപടികൾ സ്വീകരിച്ചിട്ടില്ലാത്ത ഏതാനും അപേക്ഷകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	അപേക്ഷകൻ	ഫയൽനമ്പർ, അപേക്ഷ തിയതി	പെർമിറ്റ് നൽകിയ തിയതി
1	കമലാക്ഷി, പനമണ്ണ	A3-812/20 Dated 05.02.2020	15.09.2020
2	മുഹമ്മദ്, പനമണ്ണ	A3-1426/20 Dated 06.03.2020	13.08.2020
3	അനൂപ്, പനമണ്ണ	A3-6623/20 Dated 23.12.2019	08.05.2020

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 15/11.05.2022 ന് മറുപടി ലഭിച്ചിട്ടില്ല. പെർമിറ്റ് അപേക്ഷകളിൽ സമയബന്ധിതമായി നടപടികൾ സ്വീകരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

1-15 പണി പൂർത്തിയായ കെട്ടിടങ്ങൾക്ക് വസ്തുനികുതി നിർണ്ണയിച്ചിട്ടില്ല.

കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ കെട്ടിടങ്ങളുടെ പണി പൂർത്തിയാക്കിയിട്ടുണ്ടെങ്കിലും KPBR Violation എന്ന കാരണത്താൽ കെട്ടിടത്തിന് നമ്പർ നൽകുകയോ വസ്തുനികുതി നിർണ്ണയിക്കുകയോ ചെയ്തിട്ടില്ല എന്ന് കാണുന്നു. പണി പൂർത്തിയായിട്ടും കെട്ടിടനമ്പർ അനുവദിക്കാതെ നിരസിച്ച ഏതാനും അപേക്ഷകളുടെ വിവരം താഴെ ചേർക്കുന്നു.

അപേക്ഷകൻ	ഫയൽ നം	റിമാർക്സ്
ഉമ്മർ, പത്തംകുളം	A3/5637 /19/04.11.19 ,Commercial, 18.19 M2	Building Construction Compleated, KPBR Violation, Rejected
വാരിജാക്ഷൻ, പാവുകോണം	A3/5715 /19/08.11.19, Residential, 238.78 M2	Building Construction Compleated, KPBR Violation, Rejected
മുഹമ്മദ്, അമ്പലവട്ടം	A3/5930 /19/21.11.19 Residential, 164.95 M2	, Building Construction Compleated, KPBR Violation, Rejected

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ , ചട്ടം 20പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് പ്രത്യേക കെട്ടിട നമ്പർ നൽകി അവയെ സംബന്ധിച്ച വിവരങ്ങൾ ഈ ചട്ടങ്ങൾക്ക് അനുബന്ധമായി ചേർത്തിട്ടുള്ള ഫാറം 10-ൽ ഉള്ള രജിസ്റ്ററിൽ രേഖപ്പെടുത്തി സെക്രട്ടറി സൂക്ഷിക്കേണ്ടതാണ്. നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടത്തിന് കെട്ടിട നമ്പർ നൽകേണ്ടത് സാധാരണ കെട്ടിട നമ്പർ നൽകുന്ന രീതിയിലായിരിക്കാൻ പാടുള്ളതല്ല. പ്രസ്തുത കെട്ടിടത്തിന്, അത് നിയമാനുസൃതമല്ലാത്ത നിർമ്മാണമാണെന്ന് സൂചിപ്പിക്കുന്ന "യു.എ." എന്നും അനധികൃത നിർമ്മാണത്തിന്റെ വർഷം ഏതെന്ന് കണ്ടെത്തി അതും ചേർത്ത് കെട്ടിട നമ്പർ രൂപപ്പെടുത്തി നമ്പർ നൽകേണ്ടതാണ്. ഇപ്രകാരം കെട്ടിട നമ്പർ നൽകുന്നത് 235 എഎ വകുപ്പ് പ്രകാരം വസ്തുനികുതി നിർണ്ണയിക്കുന്നതിന് വേണ്ടി മാത്രം ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതും മറ്റ് യാതൊരു ആവശ്യങ്ങൾക്കും ഗ്രാമ പഞ്ചായത്തോ കെട്ടിട ഉടമയോ പ്രസ്തുത കെട്ടിട നമ്പർ ഉപയോഗപ്പെടുത്തുവാൻ പാടില്ലാത്തതുമാകുന്നു. നിയമാനുസൃതമല്ലാതെ നിർമ്മിച്ചതും പ്രത്യേക കെട്ടിട നമ്പർ നൽകപ്പെട്ടതും 235 ഡബ്ല്യൂ വകുപ്പ് പ്രകാരമുള്ള നടപടിക്ക് വിധേയമാക്കേണ്ടതുമായ കെട്ടിടങ്ങൾ കച്ചവടത്തിനായോ വ്യാപാരത്തിനായോ വ്യവസായാവശ്യത്തിനായോ മറ്റേതെങ്കിലും ആവശ്യത്തിനായോ ഉപയോഗപ്പെടുത്തുന്നതിന്, ഗ്രാമപഞ്ചായത്ത് അനുമതിയോ ലൈസൻസോ നൽകാൻ പാടുള്ളതല്ല. കെട്ടിടം പണി പൂർത്തിയായിട്ടും കെട്ടിടത്തിന് അധികൃത/അനധികൃത നമ്പർ നൽകി വസ്തുനികുതി നിർണ്ണയിക്കാത്തതിൻമൂലം വസ്തുനികുതി ഇനത്തിൽ പഞ്ചായത്തിന് വരുമാനത്തിൽ നഷ്ടം സംഭവിക്കുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 16/13.05.2022 ന് മറുപടി ലഭിച്ചിട്ടില്ല.

1-16 കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ് .

അനങ്ങനടി ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൻ പ്രകാരം Contractor's Retention Amount എന്ന ഹെഡിൽ മൂന്ന് വർഷത്തിലധികം പഴക്കമുള്ള താഴെ പറയുന്ന വിധം ഡെപ്പോസിറ്റ് തുകകളുടെ നീക്കിയിരിപ്പ് കാണുന്നു.

ക്രമ നം	ഇനം	നീക്കിയിരിപ്പ്	ഡെപ്പോസിറ്റ് ചെയ്ത വർഷം
1	Contractor's Retention Amount	9386	2014

2	Contractor's Retention Amount	99236	2015
	Total Amount	1,08,622	

മൂന്ന് വർഷത്തിലധികം പഴക്കമുള്ള ഇത്തരം ഡെപ്പോസിറ്റ് തുകകളെ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. (ഓഡിറ്റ് അന്വേഷണം നം. 15/10.05.2022)

1-17 ISO സർട്ടിഫിക്കേഷന് ആവശ്യമായ ഫർണ്ണിച്ചറുകൾ വാങ്ങൽ - സിഡ്‌കോയിൽ നിന്നും നേരിട്ട് വാങ്ങിയത് ക്രമവിരുദ്ധം

സാമ്പത്തിക വർഷത്തിൽ സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ ISO സർട്ടിഫിക്കേഷന് ആവശ്യമായ ഫർണ്ണിച്ചറുകൾ വാങ്ങൽ എന്ന പ്രൊജക്റ്റ് സംബന്ധമായ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

പ്രൊജക്റ്റ് നം: പേര്	129/20- ISO സർട്ടിഫിക്കേഷന് ആവശ്യമായ ഫർണ്ണിച്ചറുകൾ വാങ്ങൽ	അടങ്കൽ/ഫണ്ടിനം	350000 (തനത് ഫണ്ട്)
ചെലവ് 349870	സിഡ്‌കോ -343940 (Acccount No-10281696192		
	GST -5930 (Account No-19073200009996		

വാങ്ങൽ പദ്ധതികൾക്ക് അവലംബിച്ചിട്ടുള്ള നടപടിക്രമങ്ങൾ 2013 ലെ സ്റ്റോർസ് പർച്ചേസ് മാന്വൽ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും, സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ സ.ഉ(പി) നം.259/2010/ത.സ്വ.ഭ.വ തീയതി 8.11.2010, സബ്സിഡി മാർഗ്ഗരേഖ ജി.ഒ (എം.എസ്) 22/2018/ ത.സ്വ.ഭ.വ/14.02.2018 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരമാണോ എന്ന് പരിശോധിച്ചതിന്മേലുള്ള ഓഡിറ്റ് കണ്ടെത്തലുകൾ താഴെ ചേർക്കുന്നു.

ISO സർട്ടിഫിക്കേഷന് ആവശ്യമായ ഫർണ്ണിച്ചറുകൾ വാങ്ങൽ എന്ന പ്രൊജക്റ്റ് പ്രകാരം ഫർണ്ണിച്ചറുകൾ വാങ്ങിയിരിക്കുന്നത് സിഡ്‌കോ എന്ന സ്ഥാപനത്തിൽ നിന്നുമാണ്.

Invoie No	Item	Unit Price	Quantity	Gross Value
PKD/18-19/454 Dt 25.03.19	Steel Cabinet With Glass Door 246x106x43 Cm5 Compartment With Texture Painting	22520	12	270240.00
	SGST			24321.60
	CGST			24321.60
	TOTAL			318883.00
PKD/18-19/411 Dt 22.03.19	Perforated Sheet Visitors Chair 3 Seater	6565	4	26260.00
	SGST			2363.40
	CGST			2363.40
	TOTAL			30987.00
Total				349870.00

പ്രസ്തുത വാങ്ങലിന് പഞ്ചായത്ത് കമ്മിറ്റി 13.2.19 തീയ്യതിയിലെ 1(7) നമ്പർ പ്രകാരവും പ്രൊക്യൂർമെന്റ് കമ്മിറ്റി 25.02.19 തീയ്യതിയിലെ 2- ാം നമ്പർ പ്രകാരവും തീരുമാനമെടുത്തിട്ടുണ്ട്.

G.O (Rt) No. 33/2017/SPD Dt 17.06.2017 പ്രകാരം സിഡ്കോ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ ടെണ്ടർ നടപടിക്രമങ്ങൾ കൂടാതെ വാങ്ങാവുന്നതാണ്. വാങ്ങുന്ന ഫർണ്ണിച്ചറുകളുടെ വില G.O (Rt) No. 26/2015/SPD Dt 28.05.2015 ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ള വിലയിൽ നിന്നും അധികരിക്കാതെ വാങ്ങാൻ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത പ്രൊജക്ട് പ്രകാരം വാങ്ങിയ ഫർണ്ണിച്ചറുകളുടെ സ്പെസിഫിക്കേഷനോ വിലയോ മേൽ ഉത്തരവ് പ്രകാരമുള്ള സാമഗ്രികളുടെ പ്രൈസ് ലിസ്റ്റിൽ ഉൾപ്പെടുന്നില്ല. ആയതിനാൽ മേൽ വാങ്ങലുകൾ സിഡ്കോയിൽ നിന്ന് നേരിട്ട് നടത്തിയത് ടെണ്ടർ നടപടിക്രമങ്ങൾക്ക് വിരുദ്ധമാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം (2/4.5.22) നൽകിയതിന് ISO സർട്ടിഫിക്കേഷന് ആവശ്യമായ ഫർണ്ണിച്ചറുകൾ ആർട്കോയിൽ നിന്നും വാങ്ങാൻ തീരുമാനിച്ചു എന്ന മറുപടിയാണ് നൽകിയത്. ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഭാവിയിൽ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃമായി വാങ്ങലുകൾ നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

1-18 തൊഴിൽ രഹിത വേതനം - സാക്ഷ്യപത്രം പ്രകാരമുള്ള വരുമാനം ഉറപ്പാക്കിയിട്ടില്ല

ഓഡിറ്റ് വർഷത്തിൽ താഴെ പറയും പ്രകാരം തൊഴിൽ രഹിത വേതനം ട്രഷറിയിൽ നിന്നും പിൻവലിച്ച് വിതരണം ചെയ്തിട്ടുണ്ട്.

ബിൽ നമ്പർ/തീയ്യതി -7/30-8-19

പിൻവലിച്ച തുക - 15240

പിൻവലിച്ച തുക താഴെ പറയുന്ന ദിവസങ്ങളിലായി വിതരണം ചെയ്തിട്ടുണ്ട്.

തീയ്യതി	തുക	വൗച്ചർ നമ്പർ
6.9.19	7080	21900400
7.9.19	4680	21900400
16.9.19	960	21900402
17.9.19	1800	21900403
ആകെ	14520	

7.9.19 ന് 4680 രൂപ വിതരണം ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും 3720 രൂപ വിതരണം ചെയ്തതിന്റെ അക്വിറ്റൻസ് മാത്രമാണ് ഹാജരാക്കിയത്. 960 രൂപ വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.

വൗച്ചർ നമ്പർ 21900419 തീയ്യതി 23.9.19 പ്രകാരം 720 രൂപ തിരിച്ചടച്ചിട്ടുണ്ട്.

വേതനം വിതരണം ചെയ്തിട്ടുള്ളത് വേതനം കൈപ്പറ്റിയവരിൽ നിന്നുള്ള സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ്. തുക അനർഹമായി കൈപ്പറ്റിയെന്ന് പിന്നീട് തെളിഞ്ഞാൽ റവന്യൂ റിക്കവറി പ്രകാരം തിരികെ ഈടാക്കാവുന്നതാണെന്ന് സാക്ഷ്യപത്രത്തിൽ സൂചിപ്പിച്ചിട്ടുണ്ട്.

തൊഴിൽ രഹിത വേതന പദ്ധതിയുമായി ബന്ധപ്പെട്ട് നിലവിലുള്ള സർക്കാർ ഉത്തരവുകൾ താഴെ ചേർക്കുന്നു.

1. സ.ഉ(പി)നം.23/98/തൊഴിൽ, തിയ്യതി - 28-05-1998 – തൊഴിൽ രഹിത വേതന ചട്ടങ്ങൾ

2. സ.ഉ(പി)നം.1164/2005/തൊഴിൽ, തിയ്യതി - 28-06-2005 – ചട്ടം 13 ലെ ഭേദഗതി ഉത്തരവ്

3. സ.ഉ(പി)നം.32/2006/തൊഴിൽ, തിയ്യതി - 4-05-2006 - ചട്ടം 13 ലെ ഭേദഗതി ഉത്തരവിനുള്ള വിശദീകരണം.

4. സ.ഉ(പി)നം.169/2009/തൊഴിൽ, തിയ്യതി - 13-12-2009 ചട്ടം 11 ലെ ഭേദഗതി ഉത്തരവ്

5. സ.ഉ (അച്ചടി)139/2019/ധന, തിയ്യതി - 15-10-2019

മേൽ ഉത്തരവുകൾ പ്രകാരം വിദ്യാർത്ഥികൾ അല്ലാത്തവരും എസ്.എസ്.എൽ.സി യോ തത്തുല്യമായ പരീക്ഷ പാസായവരും വാർഷിക കുടുംബ വരുമാനം 12000 രൂപയിൽ കവിയാത്തവരും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്ത് 18 വയസിനു ശേഷം തുടർച്ചയായി 3 വർഷം തൊഴിൽ ലഭിക്കാതെ രജിസ്ട്രേഷൻ നിലനിർത്തുന്നവരും അപേക്ഷിക്കുന്ന ദിവസം 35 വയസ്സ് കഴിയാത്തവരും ആയ വ്യക്തികളാണ് തൊഴിൽ രഹിത വേതനത്തിന് അർഹർ.

1998 ലെ തൊഴിൽ രഹിത വേതന ചട്ടങ്ങളിലെ ചട്ടം 6(i) പ്രകാരം അപേക്ഷകന്റെ തദ്ദേശഭരണാധികാരിക്ക് യുക്തമെന്ന് തോന്നുകയാണെങ്കിൽ വില്ലേജ് ഓഫീസറിൽ നിന്നുള്ള വരുമാന സർട്ടിഫിക്കറ്റ് ആവശ്യപ്പെടാവുന്നതാണ്. ഗുണഭോക്താക്കൾ ഹാജരാക്കിയ സാക്ഷ്യപത്രത്തിന്റെ നിജസ്ഥിതി പരിശോധിക്കുവാൻ വില്ലേജ് ഓഫീസറിൽ നിന്നുള്ള വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കുവാൻ ഏതെങ്കിലും ഘട്ടത്തിൽ ആവശ്യപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (3-4/5/22) മറുപടിയൊന്നും നൽകിയിട്ടില്ല. ഭാവിയിൽ തൊഴിൽരഹിത വേതനം വിതരണം നടത്തുമ്പോൾ നിലവിലെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.
960 രൂപ വിതരണം ചെയ്യാത്തതിന്റെ രേഖകൾ ഹാജരാക്കാത്തതിനാൽ തുക തിരിച്ചടച്ച് വിവരം അറിയിക്കേണ്ടതാണ്.

1-19 എസ്.എസ്.എ വിഹിതം നൽകൽ - വിനിയോഗ വിവരം ലഭ്യമാക്കിയില്ല

പ്രൊജക്ട് നം: പേര്	2/20-എസ്.എസ്.എ വിഹിതം അടവാക്കൽ	അടങ്കൽ/ഫണ്ടിനം	350000 (പ്ലാൻ ജനറൽ)
ചെലവ്	350000	ബിൽ നം /തീ:	5/29.7.19
നിർവ്വഹണോദ്യോഗസ്ഥൻ			സെക്രട്ടറി

പദ്ധതി പ്രകാരം ജില്ലാ പ്രൊജക്ട് ഓഫീസർ, എസ് എസ് എ, പാലക്കാട്-യുടെ അക്കൗണ്ടിലേക്ക് (0812101063416) 350000/- രൂപ ട്രാൻസ്ഫർ ചെയ്തിട്ടുണ്ടെങ്കിലും പഞ്ചായത്ത് പരിധിയിലുള്ള സ്കൂളുകളിൽ നടത്തിയ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (4/4.5.22) മറുപടിയൊന്നും നൽകിയിട്ടില്ല.

സ.ഉ.(കൈ) നം.11/2018ത.സ്വ.ഭ.വ. തി. 29.01.2018 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖ 7.6-3 ൽ ഗ്രാമപഞ്ചായത്തുകൾ ഗവൺമെന്റ് നിശ്ചയിക്കുന്ന തുക എസ്.എസ്.എ. പ്രോജക്ടുകൾക്ക് വകയിരുത്തണം എന്ന് നിർദ്ദേശിക്കുന്നുണ്ട്. മാത്രമല്ല ഈ പ്രോജക്ടുകളുടെ വിശദാംശം തയ്യാറാക്കുന്നതിൽ തദ്ദേശഭരണ സ്ഥാപനം അതിന്റെ പങ്ക് വഹിക്കണം എന്നും നിർദ്ദേശിച്ചിട്ടുണ്ട്. പഞ്ചായത്ത് തുക കൈമാറിയതല്ലാതെ എസ്.എസ്.എയുടെ പ്രൊജക്ടുകളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ക്രിയാത്മകമായ ഇടപെടലുകളൊന്നും നടത്തിയിട്ടില്ല. പ്രൊജക്ട് രൂപീകരണത്തിൽ ഇടപെടൽ നടത്തേണ്ടിയിരുന്ന വിവിധ ഘടകങ്ങളായ വർക്കിംഗ് ഗ്രൂപ്പ്, സ്റ്റാന്റിംഗ്കമ്മറ്റി, പഞ്ചായത്ത് ഭരണസമിതി എന്നിവയ്ക്ക് എസ്.എസ്.എ പ്രൊജക്ടുകളെ കുറിച്ച് കൃത്യമായ ഇടപെടൽ നടത്താൻ സാധിച്ചിട്ടില്ല. പഞ്ചായത്ത് പരിധിയിൽ തുക ചിലവഴിച്ച സ്കൂളുകൾ, ചിലവിന്റെ മറ്റ് വിശദാംശങ്ങൾ എന്നിവ ലഭ്യമല്ല. ഇതു കാരണം ജി.ഒ (എം.എസ്)11/2018/ത.സ്വ.ഭ.വ തി.29-01-2018 13.1 അനുസരിച്ചുള്ള മോണിട്ടറിംഗ് സമിതി യോഗം ചേർന്ന് മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകുക എന്ന പ്രക്രിയ ഇവിടെ സാധ്യമായിട്ടില്ല. ഇക്കാര്യത്തിൽ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1-20 എ.ബി.സി പ്രോഗ്രാം -പദ്ധതി ലക്ഷ്യം പൂർത്തീകരിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല

പ്രൊജക്ട് നം.	115/20 എ.ബി.സി പ്രോഗ്രാം (തെരുവ് നായ്ക്കളുടെ പ്രജനന നിയന്ത്രണപരിപാടി)
അടങ്കൽ	3,50,000 (വികസനഫണ്ട് -ജനറൽ)
ചെലവ്	3,50,000
ബിൽ നം	9/30.08.2019
നിർവ്വഹണം	സെക്രട്ടറി

തെരുവുനായ്ക്കളുടെ വംശവർദ്ധനവ് നിയന്ത്രിക്കുന്നതിനും അതു വഴി പേവിഷബാധ നിർമ്മാർജ്ജനം ചെയ്യുന്നതിനും ജന്തുജന്യരോഗങ്ങൾ ഫലപ്രദമായി തടയുന്നതിനുമാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. പാലക്കാട് ജില്ലാപഞ്ചായത്താണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിക്കായി ഗ്രാമപഞ്ചായത്ത് വിഹിതമായ 3,50,000/- രൂപ ജില്ലാ പഞ്ചായത്തിലേക്ക്(അക്കൗണ്ട് നമ്പർ-79901140002200) കൈമാറിയിട്ടുണ്ട്. എന്നാൽ പദ്ധതി പൂർത്തീകരിച്ചതിന്റെയോ ധനവിനിയോഗ വിവരമോ നാളിതു വരെ ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നം. 5/4.5.22 ന് ഗ്രാമപഞ്ചായത്ത് അടവാക്കിയ വിഹിതം പൂർണ്ണമായി വിനിയോഗിച്ച് തീർന്നിട്ടില്ലെന്നും ഫണ്ട് പൂർണ്ണമായി വിനിയോഗിക്കുന്ന മുറക്ക് ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാമെന്നും മറുപടി നൽകിയിട്ടുണ്ട്.

ഓഡിറ്റ് നിർദേശങ്ങൾ

പദ്ധതി പൂർത്തീകരിച്ച് ധനവിനിയോഗസാക്ഷ്യപത്രം, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ സഹിതം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-21 പരിശീലനത്തിന് മാത്രമായി പ്രോജക്ട് ആവിഷ്കരിച്ച് നടപ്പാക്കി- മാർഗ്ഗരേഖാ ലംഘനം

2019-20 സാമ്പത്തിക വർഷത്തിൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി കരാട്ടെ, കളരി, തയ്ക്കോണ്ട പരിശീലനം നല്കുന്നതിനായി ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്.

പ്രോജക്ട് നം, പേര്	121/2019-20, സ്ത്രീകൾക്ക് സ്വയം തൊഴിൽ പരിശീലനം-കരാട്ടെ, കളരി, തായ്ക്കോണ്ട പരിശീലനം
അടങ്കൽ, ഫണ്ടിനം	27500 രൂപ, വികസന ഫണ്ട്- ജനറൽ
ചെലവ്, ഫണ്ടിനം	27500 രൂപ, വികസന ഫണ്ട്- ജനറൽ
ബിൽ നം, തിയതി, തുക	19210252014401374335, 28.02.2020, 27500രൂപ

അനങ്ങനടി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 23.01.2020 ലെ 1(3) നമ്പർ തീരുമാനം പ്രകാരം 27500 രൂപ വേതനമായി പരിശീലകന് നൽകുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തി തീരുമാനിക്കുകയും ആയത് പ്രകാരം മേൽ പട്ടികപ്പെടുത്തിയിട്ടുള്ളത് പ്രകാരം പരിശീലകന് തുക കൈമാറുകയും ചെയ്തിട്ടുണ്ട്.

സ.ഉ (കൈ) നം22/2018/ത.സ്വ.ഭ.വ തീ 14.02.2018 പ്രകാരം പുറപ്പെടുവിച്ച 2018-19 മുതൽ 2021-22 വരെയുള്ള കാലയളവിലേക്കുള്ള സബ്സിഡി മാർഗരേഖയിലെ ഖണ്ഡിക 8.5 പ്രകാരം പരിശീലനപരിപാടികൾ 2 ലക്ഷം/ 3 ലക്ഷം വരുമാന പരിധിയ്ക്ക് വിധേയമായി, യഥാക്രമം പൊതുവിഭാഗം, പട്ടികജാതി (പട്ടികവർഗ്ഗ വിഭാഗത്തിന് വരുമാന പരിധി ബാധകമല്ല) എന്നിവർക്ക് മാത്രമായി പരിമിതപ്പെടുത്താവുന്നതാണ്. വികസന പ്രോജക്ടിന്റെ ഭാഗമായി പരിശീലനമാകാം. പരിശീനത്തിന് മാത്രമായി പ്രോജക്ട് പാടില്ല. എന്ന് നിർദ്ദേശിച്ചിട്ടുള്ളതാണ്.

എന്നാൽ മേൽ നിർദ്ദേശം പാലിക്കാതെ പരിശീലനത്തിന് മാത്രമായി പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയത് പ്രസ്തുത മാർഗ്ഗരേഖാ ലംഘനമാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 10/11.05.2022) മറുപടി ലഭ്യമാക്കിയില്ല. ചെലവ് തുകയായ 27500 രൂപ തടസ്സത്തിൽ വയ്ക്കുന്നു.

1-22 വിവാഹധനസഹായം- നിയമാനുസൃത കാലയളവ് കഴിഞ്ഞ് അപേക്ഷിച്ചവർക്കും ആനുകൂല്യം നൽകി

പട്ടികജാതി യുവതികൾക്ക് വിവാഹധനസഹായം നൽകുന്നതിനായി 2019-20 വർഷത്തിൽ അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനയായി ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്.

പ്രോജക്ട് വിവരം

പ്രോജക്ട് നം, പേര്	11/2020, പട്ടികജാതി വിവാഹ ധനസഹായം
അടങ്കൽ തുക, ഫണ്ടിനം	11,25,000 രൂപ, (വികസന ഫണ്ട്- എസ്.സി.പി)
ചെലവ് തുക, ഫണ്ടിനം	9,00,000 രൂപ

പ്രോജക്ട് വിഭാവനം ചെയ്തിട്ടുള്ളത് ഇപ്രകാരമാണ്. “12 പട്ടികജാതി യുവതികൾക്ക് വിവാഹധനസഹായമായി 75000 രൂപ വീതം നൽകുന്നതിനായി എസ്.സി.പി ഫണ്ടിൽ നിന്നും 9 ലക്ഷം രൂപ വകയിരുത്തുന്നു. വിവാഹത്തിന് 15 ദിവസത്തിന് മുൻപോ വിവാഹത്തിന് ശേഷം 180 ദിവസങ്ങൾക്കുള്ളിലോ അപേക്ഷ സമർപ്പിക്കണം.”

പ്രോജക്ട് ലക്ഷ്യം

ചെലവ് വിവരം

ക്രമ നം	ബിൽ നം.	തിയതി	തുക (രൂപ)	ഗുണഭോക്താക്കളുടെ എണ്ണം
1	19210252012900362782	19.07.2019	3,75,000	5
2	19210252012900383050	25.07.2019	3,00,000	4
3	19210252012900506861	27.08.2019	1,50,000	2
4	19210252012900581229	18.09.2019	75,000	1
ആകെ			9,00,000	12

1) നിയമാനുസൃത കാലയളവ് കഴിഞ്ഞ് അപേക്ഷിച്ചവർക്കും ആനുകൂല്യം നൽകിയിരിക്കുന്നു.

സ.ഉ (കൈ) നം22/2018/ത.സ്വ.ഭ.വ തീ 14.02.2018 പ്രകാരം പുറപ്പെടുവിച്ച 2018-19 മുതൽ 2021-22 വരെയുള്ള കാലയളവിലേക്കുള്ള സബ്സിഡി മാർഗരേഖയിലെ ഖണ്ഡിക 7(2) ൽ 1 പ്രകാരവും, സ.ഉ(സാധാ) നം. 2438/2018/തസ്വഭവ, തിയതി. 17.09.2018 പ്രകാരവും വിവാഹ ധനസഹായത്തിനുള്ള അപേക്ഷ വിവാഹത്തിന് 15 ദിവസം മുൻപോ വിവാഹം കഴിഞ്ഞ് 180 ദിവസത്തിനകമോ സമർപ്പിച്ചിരിക്കണം എന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ ചുവടെ ചേർത്തിട്ടുള്ളവർക്ക് മേൽ നിർദ്ദേശം പാലിച്ചല്ല ആനുകൂല്യം നല്കിയിട്ടുള്ളത്.

ക്രമ നം	ഗുണഭോക്താവിന്റെ പേര്, മകളുടെ പേര്	വിവാഹ തിയതി	അപേക്ഷാ തിയതി	വിവാഹ രജിസ്ട്രേഷൻ/ സർട്ടിഫിക്കറ്റ് നം, തിയതി	റിമാർക്സ്
1	രാജി. പി, പനമണ്ണ/ രജിത	11.11.2018	16.07.2019 Inward No. 4044, Reciept	7085/2018, 22.11.2018	200 രൂപ സ്റ്റാമ്പ് പേപ്പർ ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും കരാർ ചമച്ചിട്ടില്ല.

			No. 4768410		
2	ശിവൻ. പി, പനമണ്ണ/ ശ്രീലേഖ	11.11.2018	07.09.2019	7045/2018. 15.11.2018	500 രൂപ സ്റ്റാമ്പ് പേപ്പർ ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും കരാർ ചമച്ചിട്ടില്ല.

സ.ഉ(സാധാ) നം.(സാധാ)നം 2960/2018/തസ്വഭവ, തിയതി. 21.11.2018 പ്രകാരം കാലപരിധിക്കകം അപേക്ഷിക്കാത്ത കേസ്സുകൾ പ്രത്യേകം പരിശോധിച്ച് ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടി കൂടിയായ ജില്ലാ കളക്ടർമാർക്ക് അനുമതി നൽകാവുന്നതാണ് എന്ന് ഉത്തരവായിട്ടുള്ളതാണ്. എന്നാൽ അപ്രകാരമുള്ള അനുമതിയോടുകൂടിയല്ല ആനുകൂല്യം നൽകിയിട്ടുള്ളത്.

മേൽ പ്രസ്താവിച്ചിട്ടുള്ള സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ പദ്ധതി നടപ്പാക്കിയതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 11/11.05.2022) അപേക്ഷാ തിയതി ശ്രദ്ധിക്കാതെയാണ് ആനുകൂല്യം നൽകിയതെന്നും വരും വർഷങ്ങളിൽ അപാകതകൾ ആവർത്തിക്കില്ലെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടി കൂടിയായ ജില്ലാ കളക്ടറുടെ അനുമതികൂടാതെ ധനസഹായം അനുവദിച്ച തുകയായ 1,50,000 രൂപ തടസ്സത്തിൽ വയ്ക്കുന്നു.

വൈധവ്യം മൂലം സാമ്പത്തിക ക്ലേശം അനുഭവിക്കുന്ന സ്ത്രീകളുടെ പെൺമക്കളെ നിമാനുസൃതം വിവാഹം ചെയ്ത് അയയ്ക്കുന്നതിനായി രക്ഷാകർത്താവിന് സാമ്പത്തിക സഹായം നൽകുക എന്നതാണ് പദ്ധതിയുടെ മുഖ്യ ലക്ഷ്യം. ആയതിനാൽ അർഹതപ്പെട്ടവർക്ക് ആനുകൂല്യം കാലതാമസം കൂടാതെ അനുവദിക്കുന്നതിൽ ശ്രദ്ധിക്കേണ്ടതും, കാലാവധി കഴിഞ്ഞ് അപേക്ഷിക്കുന്നവരുടെ അപേക്ഷകൾ മേൽ സർക്കാർ ഉത്തരവുകളിലെ നിർദ്ദേശങ്ങൾ പ്രകാരം തീർപ്പാക്കുന്നതിൽ ശ്രദ്ധിക്കേണ്ടതുമാണ്.

1-23 പട്ടികജാതി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക്-കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ടെണ്ടർ ഒഴിവാക്കി.

പട്ടികജാതി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് നൽകുന്നതിനായി 2019-20 വർഷത്തിൽ അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനയായി ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്.

പ്രോജക്ട് വിവരം

പ്രോജക്ട് നം, പേര്	14/2020, പട്ടികജാതി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക്
അടങ്കൽ തുക, ഫണ്ടിനം	8,90,400 രൂപ, (വികസന ഫണ്ട്- എസ്.സി.പി = 667400+ തനത് ഫണ്ട് = 232 + ഗുണഭോക്തൃ വിഹിതം = 222768)
ചെലവ് തുക, ഫണ്ടിനം	1,99,500 രൂപ (ഗുണഭോക്തൃ വിഹിതം)

(വികസന ഫണ്ടിൽ നിന്നുള്ള തുകകൾ ക്യൂ ബിൽ ആയതിനാൽ 2020-21 വർഷത്തിലാണ് ചെലവ് ആയിട്ടുള്ളത്)

ചെലവ് വിവരം

ക്രമ നം	റിക്വിസിഷൻ നം.	തിയതി	തുക (രൂപ)
1	508221960119010	11.02.2020	166250
2	508221960119015	17.02.2020	33250
ആകെ			199500

പദ്ധതി നിർവ്വഹണം

വാട്ടർ ടാങ്ക് സമാഹരിക്കുന്നതിന് ഇ- ടെണ്ടർ രീതിയാണ് അവലംബിച്ചിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ടെണ്ടർ ഐ.ഡി	2019-DP-307400-1
ടെണ്ടർ റെഫ. നം	AS/E TENDER/ 2019-20
ടെണ്ടർ നോട്ടീസ് തിയതി	09.10.2019
ഒരു യൂണിറ്റിന്റെ മതിപ്പ് വില	4000 രൂപ
പത്രപ്പരസ്യം	A2-2833/2019, 15.10.2019 ദേശാഭിമാനി ദിനപ്പത്രം

ടെണ്ടറിൽ അഞ്ച് സ്ഥാപനങ്ങൾ പങ്കെടുക്കുകയും കാരിസ് പൈപ്പ്സ് & ട്യൂബ്സ് പ്രൈവറ്റ് ലിമിറ്റഡ്, ക്ലവപ്പാടി (പി.ഓ) എറണാകുളം എന്ന സ്ഥാപനത്തൽ നിന്നും 2650 രൂപ നിരക്കിൽ 336 വാട്ടർ ടാങ്ക് സമാഹരിക്കുകയും ചെയ്തിട്ടുണ്ട്.

സമാഹരണം നടത്തിയതിന്റെ വിവരം

ഫയൽ നമ്പർ 30.11.2019 ലെ എ2-2833/2019 നമ്പർ പ്രകാരം സപ്ലെ ഓർഡർ നൽകിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ സപ്ലെ ചെയ്തിട്ടുള്ളവയുടെ വിവരം ചുവടെ ചേർക്കുന്നു.

ക്രമ നം	ഇൻവോയ്സ് നം. / തിയതി	എണ്ണം	തുക	ട്രഷറി ബിൽ നം. / തിയതി/ തുക
1	K1920/GST-9649, 28.12.19	12	31800	508221960119010/ 11.02.2020/ 166250 രൂപ, 1/21/ 22.04.20/ 496250 രൂപ
2	K1920/GST-9632, 28.12.19	48	127200	
3	K1920/GST-9630, 28.12.19	50	132500	
4	K1920/GST-9631, 28.12.19	48	127200	
5	K1920/GST-9629, 28.12.19	42	111300	
6	K1920/GST-9996, 04.01.20	50	132500	
7	K1920/GST-12702, 26.02.20	50	132500	508221960119015/ 17.02.2020/ 33250 രൂപ, 7/21/26.05.20/99250 രൂപ
8	K1920/GST-13730, 16.03.20	36	95400	3/21/26.05.20/71900 രൂപ, 5082219601200020/ 03.02.21/ 23268 രൂപ, 5082219601200021/ 03.02.21/ 232 രൂപ

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ചുവടെ ചേർത്തിട്ടുള്ളവയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1) സ.ഉ (കൈ) നം22/2018/ത.സ്വ.ഭ.വ തീ 14.02.2018 പ്രകാരം പുറപ്പെടുവിച്ച 2018-19 മുതൽ 2021-22 വരെയുള്ള കാലയളവിലേക്കുള്ള സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 6(6) യിൽ 5 പ്രകാരം 500 ലിറ്റർ സംഭരണ ശേഷിയുള്ള പി.വി.സി വാട്ടർ ടാങ്കിന് സബ്സിഡിയായി 75% (പരമാവധി 3000 രൂപ) എന്നാണ് നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ ടെണ്ടറിൽ ഒരു യൂണിറ്റിന്റെ മതിപ്പ് വിലയായി 4000 രൂപ എന്ന് രേഖപ്പെടുത്തിയാണ് ക്ഷണിച്ചിട്ടുള്ളത്. സബ്സിഡി മാർഗരേഖയ്ക്ക് വിരുദ്ധമായി പദ്ധതി നിർവ്വഹണം നടത്തി.

2) സർക്കാർ ഉത്തരവ് GO(P) 7/2019/SPD/26.4.2019 പ്രകാരം 25000/-രൂപയ്ക്ക് മുകളിലുള്ള സാധനങ്ങളും സേവനങ്ങളും GeM മുഖേന നിർബന്ധമായും വാങ്ങിയിരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. 18.03.2019 ലെ 1/26/2019/വി.സ.വ നമ്പർ സർക്കുലർ പ്രകാരം സർക്കാർ വകുപ്പുകളും തദ്ദേശ സ്വയംഭരണ

സ്ഥാപനങ്ങളും വിവിധ കമ്മീഷനുകളും കമ്പനി, ബോർഡുകളും കോർപ്പറേഷനുകളും ഉൾപ്പടെയുള്ള സ്വയംഭരണ/ പൊതുമേഖലാ സ്ഥാപനങ്ങളും സർക്കാർ ആവിഷ്കരിച്ച സെൻട്രലൈസഡ് പ്രൊക്യൂർമെന്റ് സംവിധാനത്തിലൂടെ മാത്രമേ ഐ. ടി ഉപകരണങ്ങൾ വാങ്ങുവാൻ പാടുള്ളൂ എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് GO(P) 10/2019/SPD തിയതി 22.08.2019 പ്രകാരം ഐ. ടി ഉപകരണങ്ങൾ CPRCS വഴി മാത്രമേ വാങ്ങാവൂ എന്ന് നിർബന്ധമാക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ആസൂത്രണ നിർവ്വഹണ വേളയിൽ മേൽ ഉത്തരവുകളിലെ നിർദ്ദേശങ്ങൾ പാലിച്ചില്ല.

3) സ.ഉ (കൈ) നം22/2018/ത.സ്വ.ഭ.വ തീ 14.02.2018 പ്രകാരം പുറപ്പെടുവിച്ച 2018-19 മുതൽ 2021-22 വരെയുള്ള കാലയളവിലേക്കുള്ള സബ്സിഡി മാർഗരേഖയിലെ ഖണ്ഡിക 2.7പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥന്റെ വാങ്ങൽ നടപടിക്രമങ്ങളുടെ വാങ്ങൽ രേഖയിൽ പ്രത്യേകം പരാമർശിക്കാത്ത സംഗതികളിൽ സ.ഉ.(പി) നം 259/2010/ത.സ്വ.ഭ.വ തീ 08.11.2010പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാർഗരേഖ ബാധകമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത മാർഗരേഖയിൽ ഗ്രാമപഞ്ചായത്തുകളിൽ 100000 രൂപയ്ക്ക് മുകളിൽ മതിപ്പുവിലയുള്ള വാങ്ങലുകൾക്ക് ഓപ്പൺ ടെണ്ടർ ക്ഷണിക്കേണ്ടതാണെന്നും ഇംഗ്ലീഷ്, മയലയാളം എന്നീ ദിനപ്പത്രങ്ങലിൽ പത്രപ്പരസ്യം നൽകേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുള്ളതാണ്. എന്നാൽ ദിനപ്പത്രത്തിൽ പരസ്യം നൽകിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

4) അനങ്ങനടി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 11.11.2019 ലെ 1(3) നമ്പർ തീരുമാനം പ്രകാരം ടെണ്ടറിൽ വാട്ടർ ടാങ്കിന്റെ ഭാരം കുറവിന്റെ പേരിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ Ocean Polymers (ഒരു യൂണിറ്റ് വില = 1500 രൂപ) എന്ന സ്ഥാപനത്തെ ഒഴിവാക്കി Carris Pipes & Tubes (ഒരു യൂണിറ്റ് വില = 2650 രൂപ)എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങുന്നതിന് തീരുമാനമെടുക്കുകയും അപ്രകാരം സമാഹരിക്കുകയും ചെയ്തിട്ടുണ്ട്. എത്ര കിലോഗ്രം ഭാരമുള്ള വാട്ടർ ടാങ്കാണ് ആവശ്യമുള്ളത് എന്ന് ടെണ്ടർ സ്പെസിഫിക്കേഷൻ രേഖപ്പെടുത്താതിരിക്കുകയും ആയതിന്റെ പേരിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ സ്ഥാപനത്തെ ഒഴിവാക്കി വാങ്ങിയതുവഴി ഒരു യൂണിറ്റിന് 1150 രൂപ നഷ്ടം ഉണ്ടായിട്ടുണ്ട്.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 12/11.05.2022) പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെയും ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെയും നിർദ്ദേശ പരിഗണിച്ചാണ് Carris Pipes & Tubes (ഒരു യൂണിറ്റ് വില = 2650 രൂപ)എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയതെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ടെണ്ടർ വ്യവസ്ഥകൾക്ക് വിധേയമായി സാധന സമാഹരണം നടത്താത്തതുവഴിയുണ്ടായതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുകയായ 199500 രൂപ തടസ്സത്തിൽ വയ്ക്കുന്നു.

1-24 വിദ്യാർത്ഥികൾക്ക് മേശയും കസേരയും പദ്ധതി നിർവ്വഹണം-പ്രൊക്യൂർമെന്റ് മാർഗരേഖ ലംഘനം

വിദ്യാർത്ഥികൾക്ക് മേശയും കസേരയും വാങ്ങിനൽകുന്നതിനായി അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്.

പ്രോജക്ട് വിവരം

പ്രോജക്ട്	22/20, പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശയും കസേരയും
അടങ്കൽ തുക	676800 രൂപ (വികസന ഫണ്ട്- എസ്.സി.പി= 67500 + തനത് ഫണ്ട് = 1800)
ചെലവ് തുക	567757രൂപ (വികസന ഫണ്ട്- എസ്.സി.പി)
ബിൽ നമ്പർ, തിയതി, തുക	5/19.10.2019, 424269 രൂപ 6/20.01.2020, 143488 രൂപ

പ്രോജക്ട് ലക്ഷ്യം

5,6,7,8 ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികജാതിയിൽപ്പെട്ട വിദ്യാർത്ഥികൾക്ക് 5000 രൂപയിൽ കവിയാത്ത

വിലവരുന്ന ഒരു മേശയും ഒരു കസേരയും വിതരണം ചെയ്യുന്നതിനാണ് പ്രോജക്ട് ലക്ഷ്യമിട്ടിട്ടുള്ളത്. നിർവ്വഹണ രീതി റേറ്റ് കോൺട്രാക്ട് ഉള്ള സ്ഥാപനത്തിൽ നിന്ന് ക്വട്ടേഷൻ / ടെണ്ടർ കൂടാതെ വാങ്ങാൻ അനുവാദമുള്ള സ്ഥാപനത്തിൽ നിന്ന് നേരിട്ട് - അക്രഡിറ്റഡ് ഏജൻസി ആർട്ട്കോയിൽ നിന്ന് വാങ്ങുന്നതിനായാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്.

പദ്ധതി നിർവ്വഹണം

SIDCO മാർക്കെറ്റിംഗ് സെന്റർ പാലക്കാട് എന്ന സ്ഥാപനത്തിൽ നിന്നാണ് സാധന സമാഹരണം നടത്തിയിട്ടുള്ളത്.

ഇനങ്ങളുടെ വിവരം

1) Steel Table 90x60x75 Cm With Drawer 1, 1 Cupboard 22G

2) Steel Armed Chair

ക്രമ നം	ഇൻവോയ്സ് നം/ തിയതി	ഇനം/ എണ്ണം/ തുക	ഇൻവോയ്സ് തുക	ട്രഷറി ബിൽ നം./ തിയതി/ തുക
1	PKD/19-20/ 40/31.08.19	ടേബിൾ X 50X 3587.2 രൂപ = 179360 രൂപ	249570 രൂപ	5/19.10.2019, 424269 രൂപ
		ചെയർ X 50X 1404.2 രൂപ = 70210 രൂപ		
2	PKD/19-20/ 62/30.09.19	ടേബിൾ X 35X 3587.2 രൂപ = 125552 രൂപ	174699 രൂപ	
		ചെയർ X 35X 1404.2 രൂപ = 49147 രൂപ		
3	PKD/19-20/ 86/25.11.19	ടേബിൾ X 40X 3587.2 രൂപ = 143488 രൂപ	143488 രൂപ	6/20.01.2020, 143488 രൂപ

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ചുവടെ ചേർത്തിട്ടുള്ളവയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1) സ.ഉ (കൈ) നം22/2018/ത.സ്വ.ഭ.വ തീ 14.02.2018 പ്രകാരം പുറപ്പെടുവിച്ച 2018-19 മുതൽ 2021-22 വരെയുള്ള കാലയളവിലേക്കുള്ള സബ്സിഡി മാർഗരേഖയിലെ ഖണ്ഡിക 2.7പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥന്റെ വാങ്ങൽ നടപടിക്രമങ്ങളുടെ വാങ്ങൽ രേഖയിൽ പ്രത്യേകം പരാമർശിക്കാത്ത സംഗതികളിൽ സ.ഉ.(പി) നം 259/2010/ത.സ്വ.ഭ.വ തീ 08.11.2010പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാർഗരേഖ ബാധകമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത മാർഗരേഖയിൽ റേറ്റ് കോൺട്രാക്ട് കരാറിന്റെ മൂല്യം 5 ലക്ഷത്തിൽ അധികരിക്കരുതെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ

10.04.2019 ലെ സ.ഉ(പി) നം. 6/19/എസ്.പി.ഡി, 26.08.2019 ലെ സ.ഉ(പി) നം. 12/19/എസ്.പി.ഡി എന്നീ ഉത്തരവുകൾ പ്രകാരം റേറ്റ് കോൺട്രാക്ട് സമ്പ്രദായം നിർത്തലാക്കിയിട്ടുമുണ്ട് എന്നാൽ റേറ്റ് കോൺട്രാക്ട് ഉള്ള സ്ഥാപനങ്ങളിൽ നിന്നും സാധനങ്ങൾ സമാഹരിക്കുന്നതിനായി പദ്ധതി വിഭാവനം ചെയ്യുകയും കരാറിന്റെ മൂല്യം 5 ലക്ഷത്തിൽ അധികരിച്ചിട്ടും റേറ്റ് കോൺട്രാക്ട് അടിസ്ഥാനത്തിൽ സമാഹരിക്കുകയും ചെയ്ത നടപടി പ്രസ്തുത സർക്കാർ ഉത്തരവുകളുടെയും പ്രൊക്യൂർമെന്റ് മാർഗരേഖയുടെയും ലംഘനമാണ്.

2) സർക്കാർ ഉത്തരവ് GO(P) 7/2019/SPD/26.4.2019 പ്രകാരം 25000/-രൂപയ്ക്ക് മുകളിലുള്ള സാധനങ്ങളും സേവനങ്ങളും GeM മുഖേന നിർബന്ധമായും വാങ്ങിയിരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. 18.03.2019 ലെ 1/26/2019/വി.സ.വ നമ്പർ സർക്കുലർ പ്രകാരം സർക്കാർ വകുപ്പുകളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും വിവിധ കമ്മീഷനുകളും കമ്പനി, ബോർഡുകളും കോർപ്പറേഷനുകളും ഉൾപ്പടെയുള്ള

സ്വയംഭരണ/ പൊതുമേഖലാ സ്ഥാപനങ്ങളും സർക്കാർ ആവിഷ്കരിച്ച സെൻട്രലൈസഡ് പ്രൊക്യൂർമെന്റ് സംവിധാനത്തിലൂടെ മാത്രമേ ഐ. ടി ഉപകരണങ്ങൾ വാങ്ങുവാൻ പാടുള്ളൂ എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് GO(P) 10/2019/SPD തിയതി 22.08.2019 പ്രകാരം ഐ. ടി ഉപകരണങ്ങൾ CPRCS വഴി മാത്രമേ വാങ്ങാവൂ എന്ന് നിർബന്ധമാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ GeM മുഖേന സമാഹരിക്കുന്നതിന് തയ്യാറായില്ല.

പ്രസ്തുത പദ്ധതിയുടെ ആസൂത്രണ നിർവ്വഹണ വേളയിൽ മേൽ ഉത്തരവുകളിലെ നിർദ്ദേശങ്ങൾ പാലിക്കാതിരുന്നതിനുള്ള വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 13/11.05.2022) സർക്കാർ ഉത്തരവുകളിലെ നിർദ്ദേശങ്ങളുടെ ലംഘനത്തിന് മറുപടി ലഭ്യമാക്കിയില്ല. ചെലവ് തുകയായ 567757 രൂപ തടസ്സത്തിൽ വയ്ക്കുന്നു.

1-25 ബാലസഭ- കുടുംബശ്രീ സി.ഡി.എസ് ചെയർപേഴ്സന്റെ അക്കൗണ്ടിലേക്ക് തുക കൈമാറി- നാളിതുവരെ ചെലവഴിച്ചില്ല.

ബാലസഭ കുട്ടികളുടെ സർഗ്ഗാത്മക പ്രവർത്തനങ്ങൾ പ്രോൽസാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 2019-20 സാമ്പത്തിക വർഷത്തിൽ അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി(നേരിട്ടുള്ള നിർവ്വഹണം) ബാലസഭ എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്.

പ്രോജക്റ്റ് നം, പേര്	98/2020, ബാലസഭ
അടങ്കൽ തുക, ഫണ്ടിനം	40000 രൂപ, (വികസന ഫണ്ട്- ജനറൽ)
ചെലവ് തുക, ഫണ്ടിനം	40000 രൂപ

തുക കൈമാറിയതിന്റെ വിവരം

CDS Ananganadi Gramapanchayath, IFSC- SBIN0070552, A/C No. 57061208315 യിലേക്കാണ് തുക കൈമാറി നൽകിയിട്ടുള്ളത്.

പദ്ധതി നിർവ്വഹണം

കുടുംബശ്രീ സി.ഡി.എസ് ചെയർപേഴ്സന്റെ (രജി. നം. സി.എ 213/2003) 31.10.2019 ലെ കത്ത് പ്രകാരം അനങ്ങനടി ഗ്രാമപഞ്ചായത്തിലെ കുടുംബശ്രീ സി.ഡി.എസിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന ബാലസഭ കുട്ടികളുടെ ശാസ്ത്രോൽസവവും പഠന ക്യാമ്പുകളും, കുട്ടികളുടെ മികവ് പരിപാടികളും നടത്തുന്നതിന് വേണ്ടി തുക ആവശ്യപ്പെടുകയും (ഫയൽ നം എ2/5584/19 തിയതി 31.10.2019) ആയതിന്റെ അടിസ്ഥാനത്തിൽ സി.ഡി.എസ് ചെയർപേഴ്സന്റെ അക്കൗണ്ടിലേക്ക് തുക കൈമാറി നൽകുകയും ചെയ്തിട്ടുണ്ട്.

പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

1) അസിസ്റ്റന്റ് സെക്രട്ടറി നേരിട്ടുള്ള നിർവ്വഹണത്തിനായി പദ്ധതി ആവിഷ്കരിക്കുകയും സി.ഡി.എസ് ചെയർപേഴ്സന്റെ അക്കൗണ്ടിലേക്ക് തുക കൈമാറി നൽകുകയും ചെയ്ത നടപടി സ.ഉ (കൈ) നം11/2018 /ത.സ്വ.ഭ.വ തീ 29.01.2018 പ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗ്ഗരേഖയുടെ ലംഘനമാണ്.

2) നാളിതുവരെ തുക ചെലവഴിക്കാതെ സി.ഡി.എസ് ചെയർപേഴ്സന്റെ അക്കൗണ്ടിൽ അവശേഷിക്കുന്നു.

പദ്ധതി നടപ്പാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ ചെലവ് രേഖകൾ സഹിതം ഓഡിറ്റിന് പരിശോധനയക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 14/11.05.2022) കോവിഡ് നിർവ്യാപര കാലത്തായതിനാൽ കുട്ടികളെ പങ്കെടുപ്പിച്ച് പരിപാടികൾ നടത്താൻ സാധിക്കാത്ത സാഹചര്യമുണ്ടായതിനാലാണ് ചെലവ് നടത്താതിരുന്നത് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അസിസ്റ്റന്റ് സെക്രട്ടറി നേരിട്ടുള്ള നിർവ്വഹണത്തിനായി പദ്ധതി ആവിഷ്കരിക്കുകയും സി.ഡി.എസ് ചെയർപേഴ്സന്റെ അക്കൗണ്ടിലേക്ക് തുക കൈമാറി നൽകുകയും ചെയ്തതിനുള്ള മറുപടി ലഭ്യമാക്കിയില്ല. ആയതിനുള്ള വിശദീകരണം, ബാലസഭ പ്രവർത്തനങ്ങൾ നടത്തി ആയതിന്റെ ചെലവ് രേഖകൾ സഹിതം ഓഡിറ്റിന് പരിശോധനയ്ക്ക് ഹാജരാക്കുന്നതിന് വിധേയമായി ചെലവ് തുകയായ 40,000 രൂപ തടസ്സത്തിൽ വയ്ക്കുന്നു.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

ഈ റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിട്ടുണ്ട്

4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക	പ്രൊജക്ടിന്റെ പേര്	ചെലവ്	ബാലൻസ്
ജില്ലാ പഞ്ചായത്ത്	2019-20	512861	5/19-20-സമഗ്ര നെൽകൃഷി വികസനം	512861	0
ജില്ലാ പഞ്ചായത്ത്	2019-20	581094	110/19: ലൈഫ് മിഷൻ പാർപ്പിട പദ്ധതി (ജനറൽ)	420000	161094
ജില്ലാ പഞ്ചായത്ത്	2019-20	100000	88/19-20-ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി നൽകൽ	100000	0
ജില്ലാ പഞ്ചായത്ത്	2019-20	126000	76/19-20-ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്	126000	0
ബ്ലോക്ക് പഞ്ചായത്ത്	2019-20	1160000	110/19-20: ലൈഫ് മിഷൻ പാർപ്പിട പദ്ധതി - ജനറൽ വിഭാഗം	1160000	0
ബ്ലോക്ക് പഞ്ചായത്ത്	2019-20	688308	38/19: ലൈഫ് മിഷൻ പാർപ്പിട പദ്ധതി (SC)	60000	628308
ബ്ലോക്ക് പഞ്ചായത്ത്	2019-20	190825	5/19-20 -സമഗ്ര നെൽകൃഷി വികസനം	190825	0
ബ്ലോക്ക് പഞ്ചായത്ത്	2019-20	100000	91/19-20-ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി നൽകൽ	100000	0
ബ്ലോക്ക് പഞ്ചായത്ത്	2019-20	280000	76/19-20-ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്	280000	0

4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

തൻവർഷം ഈ ഇനത്തിൽ തുകയൊന്നും നൽകിയിട്ടില്ല.

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

4-5 വായ്പ / വായ്പാതിരിച്ചടവ്

തൻവർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നമ്പർ/ തിയ്യതി	വായ്പ തുക	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക	തൻവർഷം തിരിച്ചടച്ച തുക		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക
				മുതൽ	പലിശ	
EMS ലോൺ	സ.ഉ(സാ) നം.1000/ 2010/ തസ്വഭവ 3518625 തീയതി: 24.03.2010	3518625	807447	350000		457447
KURDFC ലൈഫ് പദ്ധതി ലോൺ	ലഭ്യമല്ല	2260000	7628356	794118	-	9094238

4-6 സ്ഥിര നിക്ഷേപം

ഇല്ല

4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

റിപ്പോർട്ട് വർഷം	ഭാഗം/ ഖണ്ഡിക	ഈടാക്കിയ തുക	ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും	രശീത് നമ്പർ തിയ്യതി

2013-14, 2014-15	3-2	20000	കെ.ഉണ്ണി, സെക്രട്ടറി	119090900015 27-7-2019

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ

ഒന്നുമില്ല

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഈ ഇനത്തിൽ തൻവർഷം തുകയൊന്നും ഈടാക്കിയിട്ടില്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

മുന്നിരിപ്പ്	17883296
ഓഡിറ്റ് വർഷത്തെ വരവ്	51063064
ആകെ	68946360
ഓഡിറ്റ് വർഷത്തെ ചെലവ്	50656403
നീക്കിയിരിപ്പ്	18289957
വരവിനങ്ങളിലുള്ള നഷ്ടം	ഒന്നുമില്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	ഒന്നുമില്ല
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	984757

ഒന്നുമില്ല

(സി). ഭാഗം 1 പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം-

ഒന്നുമില്ല

ഡി.ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തടസ്സപ്പെടുത്തിയ തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-21	27500	സുന്ദരി സി, ICDS സൂപ്പർവൈസർ

1-22	150000	മുരുകേഷ് കെ.ആർ, അസി.സെക്രട്ടറി
1-23	199500	മുരുകേഷ് കെ.ആർ, അസി.സെക്രട്ടറി
1-24	567757	മുരുകേഷ് കെ.ആർ, അസി.സെക്രട്ടറി
1-25	40000	മുരുകേഷ് കെ.ആർ, അസി.സെക്രട്ടറി

(ഇ) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(എഫ്) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ജി)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
മുരുകേഷ് കെ.ആർ, അസി.സെക്രട്ടറി	അസി.സെക്രട്ടറി, അനങ്ങനടി ഗ്രാമ പഞ്ചായത്ത്	കൊമ്പൻമാർ വീട്, കടുക്കാം കുന്നം പി.ഓ, മലമ്പുഴ, പാലക്കാട് ജില്ല പിൻ- 678651
സുന്ദരി സി, ICDS സൂപ്പർവൈസർ	ICDS സൂപ്പർവൈസർ, ആലത്തൂർ ഗ്രാമ പഞ്ചായത്ത്	കുനംപൊറ്റ വീട്, തെക്കേപൊറ്റ പി.ഒ, പുതുക്കോട്, പാലക്കാട് ജില്ല

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നുംപുറപ്പെടുവിച്ചഏറ്റവും ഒടുവിലത്തെകത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം
1996-97	LFP8/308/98/18-6-1998	3
1997-98	LFP8/849/02/19-92002	5
1998-99	LFP14/848/02/9-9-2002	4
1999-00	LFP14/896/063-11-2008	5
2000-01	LFP14/870/06/30-11-2009	6
2001-02	LFP14/871/06/30-11-2009	8
2002-03	LFP14/872/06/30-11-2009	4
2003-04	LFP14/873/06/30-11-2009	6
2004-05	LFP17/12/17-9-2012	7
2005-06	LFP16/12/10-4-2013	5
2006-07	LFP16/19/20-9-2012	3
2007-08	LFP1618576-5-13/	7
2008-09	LFP16/966/17-7-12	5
2009-10	LFP16/965/12/3-8-12	6
2010-11	LFP16/859/13/2-12-2013	6

2011-12	LFP16/1274/14/21/10/2014	5
2012-13	LFP16/18/2015/7-3-2015	7
2013-14 2014-15	KSA PKD 16/1191/2016/ 14.7.2016	8
2015-16	KSA PKD16/89/17/11.01.2017	8
2016-17	KSA PKD16-1651/17/02.09.17	9
2017-18	KSA PKD16-38/19/12.02.19	8
2018-19	KSA PKD/16-1229/2019 Dt. 01.11.2019	11

അവശേഷിക്കുന്ന തടസ്സവാദങ്ങൾ തീർപ്പാക്കുന്നതിന് അനന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

അനുബന്ധം-1

ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പാലക്കാട് ജില്ലയിലെ അനങ്ങനടി ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ അനങ്ങനടി ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-3

വാർഷിക കണക്ക് -വിവിധ പത്രികകൾ

RECEIPT & PAYMENT STATEMENT For the period from 01-April-2019 to 31-March-2020			
Code.No	Description of Items	Schedule No	Amount
	RECEIPTS		
	Opening Balance		
Bank	Bank	RP-40(a)	17861682.00
Cash	Cash	RP-40(a)	21614.00
	Operating		
110000000	Tax Revenue	RP-1	754670.00
130000000	Rental income from Panchayat Properties	RP-3	4000.00
140000000	Fees & User Charges	RP-4	315786.00
150000000	Sale & Hire Charges	RP-5	134492.00
160000000	Revenue Grants, Funds, Contributions & Compensations	RP-7	33548064.00
171000000	Interest Earned	RP-9	380573.00
320000000	Grants, Funds & Contributions for Specific Purposes	RP-31	9080571.00
350000000	Other Liabilities	RP-36	135103.00
	Non Operating		
180000000	Other Income	RP-10	21470.00
311000000	Earmarked Funds	RP-29	686.00
330000000	Secured Loans	RP-32	2260000.00
340000000	Deposits Received	RP-34	181911.00
350000000	Other Liabilities	RP-36	1373374.00
431000000	Sundry Debtors (Receivables)	RP-43	2842589.00
460000000	Loans, Advances and Deposits	RP-47	29775.00
	Grand total		68946360.00
	PAYMENTS		
	Operating		
210000000	Establishment Expenses	RP-11	2956919.00
220000000	Administrative Expenses	RP-12	598950.00

230000000	Operations & Maintenance	RP-13	2248075.00
250000000	Decentralised Plan Programme- Productive Sector	RP-15	4371448.00
251000000	Decentralised Plan Programme- Service Sector	RP-16	19586929.00
252000000	Decentralised Plan Programme- Infrastructure Sector	RP-17	2936454.00
253000000	Decentralised Plan Programme- Projects not included in Sector Division	RP-18	50000.00

254000000	Expenditures of Transferred institutions and State Sponsored Schemes	RP-19	134520.00
255000000	Maintenance Projects	RP-20	2466831.00
280000000	Prior Period item	RP-26	-56835.00
320000000	Grants, Funds & Contributions for Specific Purposes	RP-31	362600.00
350000000	Other Liabilities	RP-36	4554487.00
	Non Operating		
240000000	Interest & Finance Charges	RP-14	979.00
280000000	Prior Period Item	RP-26	0.0
340000000	Deposits Received	RP-34	67900.00
350000000	Other Liabilities	RP-36	2628779.00
410000000	Fixed Assets	RP-38	6660702.00
412000000	Capital work in Progress	RP-40	0.0
460000000	Loans, Advances and Deposits	RP-47	1087665.00
	Closing Balance		

Bank	Bank	RP-40(b)	18289957.00
Cash	Cash	RP-40(b)	0.0
	Grand Total		68946360.00

INCOME & EXPENDITURE STATEMENT			
For the period from 01-April-2019 to 31-March-2020			
Code.No	Description of Items	Schedule No	Amount
	INCOME		
110000000	Tax Revenue	I-1	3682963.00
130000000	Rental Income from Panchayat / Municipal Properties	I-3	38500.00
140000000	Fee & User Charges	I-4(b)	412536.00
150000000	Sale & Hire Charges	I-5(b)	134492.00
160000000	Revenue Grants, Funds, Contributions & Compensations / Subsidies	I-6	78798034.00
171000000	Interest Earned	I-8	380573.00
180000000	Other Income	I-9	1470.00
	Total Income		83448568.00
	EXPENDITURE		
210000000	Establishment Expenses	I-10(b)	8817820.00
220000000	Administrative Expenses	I-11(b)	598950.00
230000000	Operations & Maintenance	I-12(b)	2266510.00
240000000	Interest & Finance Charges	I-13	979.00
250000000	Decentralised Plan Programme-Productive Sector / Programme Expenses	I-14	4371448.00
251000000	Decentralised Plan Programme-Service Sector	I-14(a)	39616953.00
252000000	Decentralised Plan Programme-Infrastructure Sector	I-14(b)	2936454.00
253000000	Decentralised Plan Programme-Projects not	I-14(c)	50000.00

	included in Sector Division		
254000000	Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme)	I-14(d)	20499020.00
255000000	Maintenance Projects	I-14(e)	2466831.00
272000000	Depreciation	I-17(a)	3464148.00
	Total Expenditure		85089113.00
	Gross Surplus/ Deficit of income over Expenditure		-1640545.00
280000000	Prior Period Item	I-18	-58075.00
	Gross Surplus/Deficit of Income over Expenditure after prior period items.		-1582470.00
290000000	Transfer to Reserve Funds	I-18(a)	0.0

Ananganadi Grama Panchayat
BALANCE SHEET

For the period from 01-April-2019 to 31-March-2020

Code.No	Description of Items	Schedule No	Amount
	LIABILITIES		
	Reserve & Surplus		
310000000	Panchayat / Municipal Fund	B-1	13774073.50
311000000	Earmarked Funds - Special Funds/Sinking Fund/Trust or Agency Fund	B-2	20629.00
312000000	Reserves	B-3	56751533.00
	Total Reserve & Surplus		70546235.50
	Grants, Contributions for Specific Purposes		
320000000	Grants, Funds & Contribution for Specific Purposes	B-4	3936974.00
	Total Grants, Contributions for Specific Purposes		3936974.00
	Loans		
330000000	Secured Loans	B-5	9551685.00
	Total Loans		9551685.00
	Current Liabilities & Provisions		
340000000	Deposits Received	B-7	627056.00
350000000	Other Liabilities	B-9	988406.50

	Total Current Liabilities and Provisions		1615462.50
	TOTAL LIABILITIES		85650357.00
	ASSETS		
	Fixed Assets		
410000000	Fixed Assets	B-11	64108411.00
411000000	Accumulated Depreciation	B-11	-8058696.00
412000000	Capital Work in Progress	B-11(a)	0.0
	Total Fixed Assets		56049715.00
	Investments		
420000000	Investments-General Fund	B-12	0.0
	Total Investments		0.0
	Current Assets, Loans and Advances		
430000000	Stock-in-hand	B-14	0.0
431000000	Sundry Debtors (Receivables)	B-15	22450.00
432000000	Accumulated Provisions Against Debtors (Receivables)	B-15(a)	0.0
440000000	Pre-paid Expenses	B-16	9551685.00

450000000	Cash and Bank Balance	B-17	18289957.00
460000000	Loans, Advances and Deposits	B-18	1736550.00
	Total Current Assets, Loans and Advances		0.0
	Total Current Assets, Loans and Advances		29600642.00
	Other Assets		
	Miscellaneous Expenditure (To the Extent not written off)		
	TOTAL ASSETS		85650357.00

ഡെപ്യൂട്ടി ഡയറക്ടർ